# സാമൂഹികപരിഷ്കരണത്തിനുള്ള മാർഗങ്ങളും ഇസ്‌ലാഹീ കമ്മിറ്റികളുടെ ഉത്തരവാദിത്വങ്ങളും

## (ഖലീഫമാരുടെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ)

ക്രോഡീകരണം :

**മർക്കസി ഇസ്‌ലാഹി കമ്മിറ്റി ഭാരത്**

**സാമൂഹിക പരിഷ്കരണത്തിനുള്ള മാർഗങ്ങളും**
**ഇസ്‌ലാഹീ കമ്മിറ്റികളുടെ ഉത്തരവാദിത്വങ്ങളും**

Complied By : Markazi Islahi Committee India

Translated By : H.Shamsuddin Kavassery

Printed at : Fazl-E-Umar Printing Press Qadian

Published By :
Mansooba Bandi Committee India,
Qadian 143516 Gurdaspur-Dt, Punjab-St

Ph:01872-500967/Fax:01872-500178
e-mail : nazaratulia@gmail.com

# അഭ്യർഥന

ഓർക്കുക, തിന്മ ഉണ്ടാകുന്നതിനു മുമ്പേ അതിനെ തടയുകയാണ് നമ്മുടെ കർത്തവ്യം. അതിനു വേണ്ടി യുക്തിഭദ്രമായ പ്രവർത്തനപദ്ധതി തയ്യാറാക്കണം. ഉണ്ടാകാൻ സാദ്ധ്യതയുള്ള എല്ലാ ഓരോ തിന്മയേയും രോഗത്തേയും തടയാനും ചികിൽസി ക്കാനും എല്ലാ സാദ്ധ്യമായ കാര്യവും അവലംബിക്കേണ്ടത് ഇസ് ലാഹീ കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്.
ഇത് ശിക്ഷണത്തിന്റേയും മേൽനോട്ടത്തിന്റേയും കർത്തവ്യമാണ്. അതുകൊണ്ട് അനുകമ്പയോടും സ്നേഹത്തോടും നന്മ ലാക്കാക്കിയും ദു:ആ മുഖേനയും ഇസ്ലാഹീ പ്രവർത്തനങ്ങൾ ചെയ്യേണ്ടതാണ്. ഏതെങ്കിലും സ്ഥലത്ത് പ്രയത്നത്തിന് സഹകരണം ലഭിക്കുന്നില്ലെങ്കിൽ കേന്ദ്രത്തെ അറിയിക്കുക. കമ്മിറ്റിയിൽ ചർച്ചക്കു വരുന്ന എല്ലാ കാര്യങ്ങളും കമ്മിറ്റി അംഗങ്ങളുടെ പക്കൽ ജമാഅത്തീ അമാനത്ത് ആകുന്നു. പുറത്ത് അതേക്കുറിച്ച് പറയുന്നത് ഒരു കാരണവശാലും ശരിയല്ല.

# ഇസ്ലാഹീ കമ്മിറ്റിയുടെ പ്രവർത്തന രീതി

## ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യുടെ നിർദ്ദേശങ്ങൾ

ഞാൻ ഇസ്ലാഹീ കമ്മിറ്റി സ്ഥാപിക്കുകയും രാജ്യതലത്തിൽ എല്ലാ രാജ്യങ്ങളോടും ഇസ്ലാഹീ കമ്മിറ്റികൾ സ്ഥാപിക്കാൻ നിർദ്ദേശം നൽകുകയും ചില തിന്മകൾ അടയാളപ്പെടുത്തിക്കൊണ്ട് അവ സ്ഥായിയായ മുറിവ് ആകുന്നതിനു മുമ്പേ അവയെ ശരിയാക്കി ധാർമികമായ രോഗികൾക്ക് ശിഫാ നൽകാൻ ശ്രമിക്കാനും പറഞ്ഞിരുന്നു... ഇസ്ലാഹി കമ്മിറ്റി അകക്കാഴ്ചയുള്ളവരും ആഴത്തിൽ അവബോധമുള്ളവരും അടങ്ങുന്നതായിരിക്കണമെന്ന് ഞാൻ ഉപദേശിച്ചിരുന്നു. അവർ എവിടെയെല്ലാമാണ് തിന്മകളുടെ ഗന്ധമെന്ന് മണത്തറിയുന്നതാണ്. കാണുന്നില്ലെങ്കിൽ കൂടി അവരുടെ ഘ്രാണശക്തി അവരോട് ഇന്ന സ്ഥലത്ത് അപകടമുണ്ടെന്ന് പറയുന്നതാണ്. പിന്ന അത് കൃത്യമായ രോഗമായി തീരുന്നതിന് മുമ്പേ അതിനെ ദൂരീകരിക്കുകയും വേണം. എവിടെയെങ്കിലും കുഴപ്പമുണ്ടാകട്ടെയെന്നും പ്രശ്നമാകട്ടെയെന്നും അടിപിടി ഉണ്ടാകട്ടെയെന്നും അപ്പോൾ ഇസ്ലാഹീ കമ്മിറ്റി കർമനിരതമാകാമെന്നും പ്രതീക്ഷിച്ചിരിക്കുകയാണെങ്കിൽ അത് ഇസ്ലാഹീ കമ്മിറ്റി അല്ല, മറിച്ച് പൊലിസ് കമ്മിറ്റിയായിരിക്കും ... കേന്ദ്രത്തിൽ ഒരു ഇസ്ലാഹീ കമ്മിറ്റി മാത്രമല്ല മറിച്ച് പ്രാദേശികമായും വലിയ നഗരങ്ങളുടെ തലത്തിലും സുബോധമുള്ള ഇസ്ലാഹീ കമ്മിറ്റികൾ സ്ഥാപിക്കേണ്ടത് അനിവാര്യമാണ്. അത് പൊതുജനങ്ങൾക്ക് തിന്മയെക്കുറിച്ച് മനസ്സിലാകുന്നതിനു മുമ്പേ അതേക്കുറിച്ച് കാണുന്നവരായിരിക്കണം ... ഏതേതെല്ലാം രോഗങ്ങളാണ് പകരുന്നതെ

ന്നും പരക്കാൻ ഇടയുള്ളതെന്നും ലക്ഷണത്തിലൂടെ നിങ്ങൾ മനസ്സിലാക്കുകയും അതിനെ പ്രതിരോധിക്കാൻ ശ്രമിക്കുകയും ചെയ്യുമ്പോൾ അത് കേവലം ഇസ്ലാഹീ കമ്മിറ്റിയുടെ മാത്രം ജോലിയല്ല. ഇസ്ലാഹീ കമ്മിറ്റിയുടെ ജോലി അത് മനസ്സിലാക്കുകയും ജമാഅത്തിനെ ബോധ്യപ്പെടുത്തുകയും മജ്ലിസ് ആമിലയി ൽ അവതരിപ്പിക്കുകയും ചെയ്യുകയാണ്. തുടർന്ന് മജ്ലിസ് ആമിലക്ക് തങ്ങളുടെ പൊതുവായ നിലയിൽ ഒരു ഭാരവാഹിയെയല്ല ചിലപ്പോൾ രണ്ട്മൂന്ന് ഭാരവാഹികളെ കർമനിരതരാക്കേണ്ടി വരും. എവിടെയെങ്കിലുമൊക്കെ ഇസ്ലാഹോ ഇർശാദ് സെക്രട്ടറിക്ക് ഇടയിൽ ഇടപെടേണ്ടിവരും. ചിലയിടത്ത് നിങ്ങൾ ചില സന്ദർഭങ്ങളിൽ ഫൈനാൻസിന്റെ ആവശ്യം വരും, ചില സ്ഥലങ്ങളിൽ പര്യടനം നടത്തേണ്ടി വരും, മുറബ്ബിമാരുടെ സംവിധാനത്തെ പ്രവർത്തനക്ഷമമാക്കേണ്ടി വരും. ചുരുക്കത്തിൽ ഒരുപാട് സാധ്യമായ നിവാരണ മാർഗങ്ങളുണ്ട്, അതിനു വേണ്ടി ചിലപ്പോൾ മജ്ലിസ് ആമിലയിൽ തീർച്ചയായും ആലോചന നടത്തേണ്ടതായിവരും. അത്തരം വിഷയങ്ങൾ മജ്ലിസ് ആമിലയിൽ വെക്കേണ്ടതാണ്. (ഖുത്ബാത്തെ ത്വാഹിർ ഭാഗം:13, പേജ്: 339...341)

.... ഏതു കുടുംബത്തിലാണ് സ്വാധീനങ്ങളുടെ ഫലമായി ദൗർബല്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നതെന്ന് ശ്രദ്ധിക്കേണ്ടത് കമ്മിറ്റിയുടെ ഉത്തരവാദിത്വമാണ്. ആരുടെ പെൺമക്കളാണ് പർദയില്ലാത്തവരായിതീരുന്നത്, ആരുടെ മക്കളാണ് (ജമാഅത്തിന്) പുറത്തേക്ക് തിരിഞ്ഞിരിക്കുന്നത്, ജമാഅത്തിനോട് സ്നേഹം ഉണ്ടാകുന്നതിന്നു പകരം അവരുടെ ബന്ധം പതിയെപ്പതിയെ മുറിഞ്ഞു പോകുകയും മറ്റുള്ളവരുമായുള്ള സ്നേഹത്തിലേക്ക് മാറുകയും ചെയ്യുന്നു... കാര്യങ്ങൾ കൈവിടുന്നതിനു മുമ്പേ അവരെ ശ്രദ്ധിക്കുകയും സ്നേഹപൂർവം അവരെ തിരിച്ചുകൊണ്ടുവരാനും എളുപ്പമാണ്. തിന്മകൾ സന്നിവേശിച്ചു കഴിഞ്ഞാൽ അതിനെ ശരീര

ത്തിൽ നിന്ന് നുള്ളിയെടുത്ത് പുറംതള്ളാൻ ബുദ്ധിമുട്ടായിരിക്കും. (ഖുത്ബാത്തെ ത്വാഹിർ ഭാഗം:11, പേജ്:310,311)

ഇവർ(ഇസ്‌ലാഹി കമ്മിറ്റികൾ)ക്ക് തന്താങ്ങളുടെ വൃത്തങ്ങളിൽ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ, മജ്‌ലിസ് അൻസാറുല്ലാഹ്, ലജ്‌ന ഇമാഇല്ലാഹ് എന്നിവയെ പൂർണമായും പ്രയോജനപ്പെടുത്താൻ അധികാരം മാത്രമല്ല അവകാശവും ഉണ്ടായിരിക്കും. ആവശ്യമെന്നു കണ്ടാൽ ചില കാര്യങ്ങൾ ഖുദ്ദാം മുഖേനയും ചിലത് ലജ്‌ന മുഖേനയും കൈകാര്യം ചെയ്യാവുന്നതാണ്. ചില സ്ഥലങ്ങളിൽ മൂന്ന് (വിഭാഗങ്ങൾക്കും) ഒന്നിച്ച് പരിശ്രമിക്കേണ്ടതായി വരും. ഒരു കുടുംബത്തിന്റെ കാര്യമായിരിക്കും, അവിടെ നല്ല പ്രഭാവം ഉണ്ടാക്കാൻ ഖുദ്ദാമിനേയും അൻസാറിനേയും ലജ്‌നയേയും പ്രവർത്തനക്ഷമമാക്കേണ്ടിവരും. (ഖുത്ബാത്തെ ത്വാഹിർ ഭാഗം:11, പേജ്:311)

നിങ്ങൾ പരിഷ്കരണത്തിന്ന് ശ്രമിക്കുക. ആദ്യം വേണ്ടത് നീതിയാണ്. നീതിയിൽ നിലനിന്നാൽ നിങ്ങൾക്കുള്ളിൽ മുസ്‌ലിഹ് (പരിഷ്കരണം നടത്തുന്നവൻ) ആകാനുള്ള യോഗ്യത ഉണ്ടാകുന്നതാണ്. മുസ്‌ലിഹ് ആകുവിൻ ... ഇസ്‌ലാഹ് ചെയ്യുമ്പോൾ ഫസാദ് വളരാൻ കാത്തിരിക്കരുത്, ലക്ഷണത്തിലൂടെ തന്നെ എവിടെയെല്ലാമാണ് ഫസാദ് വർദ്ധിക്കാനുള്ള സാദ്ധ്യതകളുള്ളതെന്ന് മനസ്സിലാക്കേണ്ടതാണ്. ഓറ്റി ചെന്നാലും പിടിക്കാൻ കഴിയാത്ത വിധം മുന്നോട്ട് ഗമിക്കുന്നതിന്നു മുമ്പേ ആ കുടുംബങ്ങളിലേക്കും യുവാക്കളിലേക്കും വലിയവരിലേക്കും നിങ്ങൾ എത്തേണ്ടതാണ്. അവരെ പുണർന്നുകൊണ്ട് അവരെ തിരിച്ചുകൊണ്ടുവരുകയും  അതോടൊപ്പം അന്യരുടെ ഇസ്‌ലാഹിനും ശ്രമിക്കുകയുമാണെങ്കിൽ ദൈവികവാഗ്ദാനം നിങ്ങൾക്കനുകൂലമായി തീർച്ചയായും പൂർത്തിയാകുന്നതും അവന്റെ അനുഗ്രഹത്താൽ സമൂഹങ്ങൾ രക്ഷപ്പെടുന്നതുമാണ്. (ഖുത്ബാത്തെ ത്വാഹിർ ഭാഗം:11, പേജ്:314)

# ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)ന്റെ നിർദ്ദേശങ്ങൾ

**04/09/2005**

**Meeting With National Majlis Amila Germany**

ഹുസൂർ പറഞ്ഞു: ഏതെല്ലാം സെന്ററുകളിലാണ് നമസ്കാരകാര്യത്തിൽ ന്യൂനതയുള്ളതെന്നും നേരത്തെ മസ്ജിദിൽ വന്നിരുന്നവർ ആരാണ് വരാത്തതെന്നും അവരുടെ മക്കൾ വരുന്നില്ലേയെന്നും എന്താണ് കാരണമെന്നും പരിശോധിച്ചതിനു ശേഷമായിരിക്കണം ഇസ്‌ലാഹീ നടപടികൾ സ്വീകരിക്കേണ്ടത്. ഇസ്‌ലാഹിന്നു വേണ്ടി ആലോചിച്ച രീതി വിജയപ്രദമല്ലെങ്കിൽ എങ്ങനെ ഇസ്‌ലാഹ് ഉണ്ടാക്കാമെന്ന് വീണ്ടും പര്യാലോചന നടത്തുക.

സെക്രട്ടറി തർബിയ്യത്തിനോട് ഹുസൂർ ചോദിച്ചു: എത്ര ജമാഅത്തുകൾ താങ്കൾക്ക് അലസതയുള്ള ആളുകളുടെ ലിസ്റ്റ് തന്നിട്ടുണ്ട്? താങ്കൾ അത് മുറബ്ബിമാർക്ക് കൊടുത്തിട്ടുണ്ടോ?

ഹുസൂർ പറഞ്ഞു: അത്തരം ആളുകളുടെ ലിസ്റ്റ് തന്നെയില്ലെങ്കിൽ എങ്ങനെയാണ് ഇസ്‌ലാഹീ പ്രവർത്തനങ്ങൾ നടത്തുക?

ഹുസൂർ ചോദിച്ചു: ഇതു സംബന്ധിച്ച് ഇസ്‌ലാഹീ കമ്മിറ്റി എന്ത് പ്രവർത്തനമാണ് നടത്തിയത്?

ഹുസൂർ പറഞ്ഞു: ആദ്യം ലിസ്റ്റ് ഉണ്ടാക്കുക, പിന്നെ പേർസണൽ കൂടിക്കാഴ്ച നടത്തുക, കൂടിക്കാഴ്ചയിൽ അവരെ ബോധവൽക്കരിക്കുക.

ഹുസൂർ പറഞ്ഞു: എത്രപേരെ സംബന്ധിച്ച് പരാതി ഉണ്ടായിരുന്നുവെന്നും എത്രപേരുടെ ഇസ്‌ലാഹി സാദ്ധ്യമായെന്നും അവരുടെ സഹകരണം ലഭ്യമായോ എന്നും കൃത്യമായി റിസൽട്ട് കിട്ടി ക്കൊണ്ടിരിക്കണം.

ഹുസൂർ പറഞ്ഞു: ശ്രമിച്ചിട്ടും സഹകരിക്കാത്തവരുടെ ലിസ്റ്റ് എനിക്ക് അയച്ചു തരുക.

**13/09/2005**

**Meeting With National Majlis Amila Sweden**

ഹുസൂർ പറഞ്ഞു: നിങ്ങൾ ഇസ്‌ലാഹീ കമ്മിറ്റിയേയും ആക്റ്റീവ് ആക്കുക.

ഹുസൂർ പറഞ്ഞു: ഇസ്‌ലാഹിന്റെ പ്രവർത്തനം വളരെ വലുതാണ്. ആരുടെ ഇസ്‌ലാഹിന്റെ കാര്യത്തിലും ക്ഷീണിച്ചുപോകരുത്. മറിച്ച് നാലായിരം തവണ പറയേണ്ടി വന്നാലും പറയുക. ക്ഷീണിക്കുകയോ നിരാശപ്പെടുകയോ അരുത്. സൗമ്യമായി മനസ്സിലാക്കി കൊടുത്തുകൊണ്ടിരിക്കുക.

(അൽഫദ്ൽ ഇന്റർനാഷണൽ 28/10/2003)

**09/06/2006**

**Meeting With National Majlis Amila**
**Lajna Ima-illah Germany**

ഒരു ചോദ്യത്തിന് മറുപടിയായി ഹുസൂർ പറഞ്ഞു : ലജ്നക്ക് തങ്ങളുടെ ഇസ്‌ലാഹീ കമ്മിറ്റി ഉണ്ടാക്കാവുന്നതാണ്. അതിലെ അംഗങ്ങൾ സദ്ർ ലജ്ന, പ്രാദേശിക സദ്ർ, നാഇബ് സദ്ർ, സെക്രട്ടറി തർബിയ്യത്ത്, സീനിയർ ലജ്ന മെമ്പർ

എന്നിവരായിരിക്കും.

ഹുസൂർ പറഞ്ഞു: ചില സ്ഥലങ്ങളിൽ ആൺകുട്ടികൾ ഇൻവോൾവ് ആകാറുണ്ട്, അത്തരം കേസുകൾ ഏതായാലും കേന്ദ്ര ഇസ്ലാഹീകമ്മിറ്റിയിൽ പോകേണ്ടതാണ്.

(അൽഫദ്ൽ ഇന്റർനാഷണൽ 07/07/2006)

**05/05/2008**

**Meeting With National Majlis Amila Nigeria**

ഹുസൂർ നാഷണൽ സെക്രട്ടറി തർബിയ്യത്തിനോട് പറഞ്ഞു: ദേശീയ തലത്തിലും പ്രാദേശിക തലത്തിലും ഇസ്ലാഹീ കമ്മിറ്റികൾ ഉണ്ടാക്കുക. തർബിയ്യത്ത് കമ്മിറ്റികൾ ഉ ണ്ടെങ്കിൽ എന്ത് പ്രവർത്തനമാണ് ചെയ്യുന്നത്? കൃത്യമായി ഇസ്ലാഹീ കമ്മിറ്റികൾ ഉണ്ടാക്കുക. തർബിയ്യത്ത് സെക്രട്ടറി[1] തന്നെ അതിന്റെ സദ്ർ ആയിരിക്കും. അതിന്റെ മെമ്പർമാർ മുബല്ലിഗ് ഇൻചാർജ്, സദ്ർ അൻസാറുല്ലാഹ്, സദ്ർ ഖുദ്ദാമുൽ അഹ്മദിയ്യാ, ലജ്ന പ്രതിനിധി, (ഈ പ്രവർത്തനത്തിന് അനുയോജ്യനായ) ജമാഅത്തിലെ ഒരു അംഗം എന്നിവർ അടങ്ങുന്നതായിരിക്കും.

ഹുസൂർ പറഞ്ഞു: എല്ലാ സ്ഥലത്തും കമ്മിറ്റികൾ ഉണ്ടാക്കുക. നിങ്ങൾക്ക് ഒരുപാട് സംഗതികൾ പരിഹരിക്കാൻ കഴിയും.

(അൽഫദ്ൽ ഇന്റർനാഷണൽ 01/07/2008)

**05/05/2008**

**Meeting With Muballigeen Nigeria**

ഇസ്ലാഹീ കമ്മിറ്റിയെക്കുറിച്ച് ഹുസൂർ പറഞ്ഞു: പ്രശ്നങ്ങൾ ഉണ്ടായ ശേഷം നോക്കുകയല്ല വേണ്ടത്, പ്രശ്നങ്ങൾ

1 ഇപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) ഇന്ത്യയിൽ അമീർ/സദ്ർ നെത്തന്നെ ഇസ്ലാഹി കമ്മിറ്റി സദ്ർ ആയി നിശ്ചയിച്ചിരിക്കുന്നു.

ഉണ്ടാകുന്നതിന്നു മുമ്പേതന്നെ കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഇന്ന സ്ഥലത്ത് പ്രശ്നമുണ്ടാകുമെന്ന് മനസ്സിലാക്കേണ്ടതാണ്. കാര്യങ്ങൾ പരിധി വിടുന്നതിന്നു മുമ്പേ ഇസ്ലാഹ് ചെയ്യേണ്ടത് അനിവാര്യമാണ്.

വിശ്വാസവഞ്ചന കാണിക്കുന്ന ഭാരവാഹികളെ പുറത്താക്കുക. മുബല്ലിഗിന്റെ ജോലി അവരെ ഇസ്ലാഹ് ചെയ്യുകയാണ്. അവർക്ക് ഇസ്ലാമിക അദ്ധ്യാപനങ്ങൾ പറഞ്ഞുകൊടുക്കുകയും അവർക്ക് ശിക്ഷണം നൽകുകയും ചെയ്യുക. കാര്യങ്ങൾ പരിധി വിടുന്നതിന്നു മുമ്പേ ഇസ്ലാഹ് ചെയ്യേണ്ടത് അനിവാര്യമാണ്. (അൽഫദ്ൽ ഇന്റർനാഷണൽ 01/07/2008)

**23/06/2008**

**Meeting With National Majlis Amila USA**

തർബിയ്യത്ത് സെക്രട്ടറി നാഷണൽ ഇസ്ലാഹീ കമ്മിറ്റിയുടെ പ്രവർത്തനങ്ങളെക്കുറിച്ചും പറയുകയുണ്ടായി.

ഹുസൂർ പറഞ്ഞു: കേന്ദ്രത്തിലും ജമാഅത്തുകളിലും ഇസ്ലാഹീ കമ്മിറ്റി ഊർജസ്വലവും പ്രവർത്തനക്ഷമവുമായാൽ ഇക്കാലത്ത് അധികരിച്ചു വരുന്ന Matrimonial പ്രശ്നങ്ങൾ ഉണ്ടാകുന്നതല്ല. (അൽഫദ്ൽ ഇന്റർനാഷണൽ 15/08/2008)

**07/06/2006**

**Meeting With National Majlis Amila Germany**

ഹുസൂർ ഒരു തർബിയ്യത്തീ വിഷയത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറഞ്ഞു: തങ്ങളുടെ മീറ്റിംഗുകളുടേയും സമിതികളുടേയും കാര്യങ്ങളെ സംരക്ഷിക്കുക, ഇത് അടിസ്ഥാനപരമായ സംഗതിയാണ്. മജ്ലിസുകൾ (സമിതികൾ) അമാനത്ത് (സൂക്ഷിപ്പ് മുതൽ) ആകുന്നു. അതുകൊണ്ട് അവയെ ഗൗനിക്കേണ്ടതാണ്. (അൽഫദ്ൽ ഇന്റർനാഷണൽ 07/07/2006)

# ഭാരവാഹികൾ എല്ലാ കാര്യങ്ങളും അവഗണിക്കരുത്

എപ്പോഴും രോഗം നിജപ്പെടുത്തിയാൽ ഉടൻതന്നെ അതിനെ പിടിക്കുക. അതിനെ നിർമാർജനം ചെയ്യുക. ഭാരവാഹികൾ എല്ലാ കാര്യങ്ങളിൽ നിന്നും മുഖം തിരിക്കരുത്. മറിച്ച് തുടക്കം മുതൽ തന്നെ തിന്മയെ തടയാൻ ശ്രമിക്കണം. ഒരിക്കലും അതിനെ വളരാനോ പരക്കാനോ അനുവദിക്കരുത്. അല്ലെങ്കിൽ ചുരുങ്ങിയ പക്ഷം എന്നെ അറിയിക്കേണ്ടതാണ്. അങ്ങനെ ഞാൻ ഖുത്ബകൾ മുഖേന പ്രസ്തുത തിന്മയെ തടയാൻ ശ്രമിക്കുന്നതാണ്. കേന്ദ്ര ഇസ്ലാഹീ കമ്മിറ്റിയും ഇക്കാര്യത്തിൽ ശ്രദ്ധക്കണം. ഇതേ നിർദ്ദേശം എല്ലാ പ്രാദേശിക ഇസ്ലാഹീ കമ്മിറ്റികൾക്കും അയച്ചു കൊടുക്കുക. മാത്രമല്ല അതിന്റെ വെളിച്ചത്തിൽ തങ്ങളുടെ ജമാഅത്തുകളിൽ അവലോകനം നടത്തി ക്കൊണ്ടിരിക്കാനും ഇസ്ലാഹ് ആവശ്യമായ എല്ലാ കാര്യങ്ങളിലും സത്വര നടപടി കൈക്കൊണ്ട് താങ്കൾക്ക് അതിന്റെ റിപ്പോർട്ട് അയക്കാനും കണിശമായി നിർദ്ദേശം നൽകുക. മറച്ചുവെക്കുക എന്നതിന്റെ വിവക്ഷ തിന്മയെക്കുറിച്ച് എനിക്ക് പോലും അറിവ് നൽകാതിരിക്കുക എന്നല്ല. മറിച്ച് അതിന്റെ അർഥം തിന്മയെ പരസ്യമാക്കരുത് എന്നാണ്. ഏതെങ്കിലും ഭാരവാഹി എന്തെങ്കിലും വിഷയം ഒളിപ്പിക്കു ന്നുവെങ്കിൽ അയാൾ തന്റെ ഉത്തരവാദിത്വത്തിൽ വിശ്വാസവഞ്ചന കാണിക്കുകയാണ് ചെയ്യുന്നത്. ഇതു സംബന്ധിച്ച് എനിക്ക് വരുന്ന റിപ്പോർട്ടുകളിൽ നിന്ന് മനസ്സിലാകുന്നത്, പോഷകഘടകങ്ങളുടേയും ജമാഅത്തിന്റെയും ഭാരവാഹികൾ തങ്ങളുടെ ഉത്തരവാദിത്വം യഥാവിധി ചെയ്യുന്നില്ലെന്നാണ്. ഈ പ്രവണത, ചില വലിയ

ആളുകളുടെ തെറ്റുകളെക്കുറിച്ച് കണ്ണടക്കുകയും ചില ചെറിയ ആളുകൾക്ക് ശിക്ഷ കൊടുപ്പിക്കുന്നുവെന്നുമാണ് കാണിക്കുന്നത്. ഇത്തരം എല്ലാ സംഗതികളും ഇവിടേക്ക് അയക്കേണ്ടത് താങ്കളുടെ ഉത്തരവാദിത്വമാണ്. തുടർന്ന് എങ്ങനെ തീരുമാനം കൽപ്പിക്കുന്നതും കാലത്തിന്റെ ഖലീഫയുടെ ജോലിയാണ്.

ഇസ്ലാഹീ കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ സംബന്ധിച്ച് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യും ഞാനും നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ ഒന്നിച്ചു ചേർത്ത് ജമാഅത്തുകൾക്ക് അയച്ചു കൊടുക്കുക. കൂടാതെ വിവിധ രാജ്യങ്ങളിലെ നാഷണൽ മജ്ലിസ് ആമിലക്കും പോഷക ഘടകങ്ങളുടെ മജ്ലിസ് ആമിലകൾക്കും വ്യത്യസ്ത സമയങ്ങളിൽ ഞാൻ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ അൽഫദ്ലിലും മറ്റ് മാസികകളിലും പ്രസിദ്ധീകരിച്ചിട്ടുണ്ട് അവയെ ഒന്നിച്ച് ചേർക്കുക, അതിന്റെ വെളിച്ചത്തിൽ ഇസ്ലാഹീ കമ്മിറ്റികൾ പ്രാദേശികതലത്തിലും കേന്ദ്രത്തിലും പ്രവർത്തിക്കേണ്ടതാണ്.

(ഹുസൂർ തിരുമനസ്സിന്റെ കത്ത് 05/11/2010)

**31/12/2004**

**Meeting With National Majlis Amila France**

ഹുസൂർ പറഞ്ഞു: എല്ലാ വീടുകളിലും എം.ടി.എ വേണ്ടതാണ്. ഖുത്ബ കേൾക്കാൻ ശ്രദ്ധക്ഷണിച്ചാൽ മാത്രം പോരാ മറിച്ച് എത്രപേർ കേൾക്കുന്നുവെന്ന കൃത്യമായ ഡാറ്റ ശേഖരിക്കേണ്ടതാണ്.

ഹുസൂർ പറഞ്ഞു: ഖുത്ബ കേൾക്കാത്തതോ ശ്രദ്ധിച്ച് കേൾക്കാത്തതോ ആയ വീടുകളിലാണ് അധികവും വഴക്കും പ്രശ്നങ്ങളും ഉടലെടുക്കുന്നത്.

(അൽഫദ്ൽ ഇന്റർനാഷണൽ 11/02/2005)

**03/05/2005**

**Meeting With National Majlis Amila**

**Majlis Khuddamul Ahmadiyya Keniya**

തർബിയ്യത്ത് സംബന്ധമായി ഹുസൂർ പറഞ്ഞു: മജ്‌ലിസുകളിൽ കൃത്യമായി തർബിയ്യത്ത് ക്ലാസുകൾ നടക്കേണ്ടതാണ്. ഖുദ്ദാമിന് വിശുദ്ധ ഖുർആൻ ഓതാൻ പഠിപ്പിക്കണം. നമസ്കാരവും തർജമയും പഠിപ്പിക്കുക, ദീനീ വിഷയങ്ങളെക്കുറിച്ച് അറിവ് ഉണ്ടാകണം, നമസ്കാരം അനുഷ്ഠിക്കുന്നതിലേക്ക് ശ്രദ്ധിക്കണം, തങ്ങളുടെ തർബിയ്യത്തീ ക്ലാസുകളിൽ മുബല്ലിഗ്/മുഅല്ലിംമാരുടെ സഹായം തേടുക.

(അൽഫദ്ൽ ഇന്റർനാഷണൽ 20/05/2005)

**03/05/2005**

**Meeting With National Majlis Amila**

**Majlis Ansarullah Keniya**

ഹുസൂർ, ഖാഇദ് തർബിയ്യത്തിന് നിർദ്ദേശം നൽകിക്കൊണ്ട് പറഞ്ഞു: എല്ലാ അൻസാറും അഞ്ചുനേര നമസ്കാരം അനുഷ്ഠിക്കുന്നവരും ജമാഅത്തായി അനുഷ്ഠിക്കുന്നവരും ജുമുഅയിൽ കൃത്യമായി പങ്കെടുക്കുന്നവരുമാകാൻ ശ്രമിക്കുക. ഖലീഫത്തുൽ മസീഹിന്റെ ഖുത്ബകൾ കൃത്യമായി കേൾക്കുക. വിശുദ്ധഖുർആൻ ഓതാൻ അറിയുന്നവർ എല്ലാ ദിവസവും കൃത്യമായി തിലാവത്ത് ചെയ്യേണ്ടതാണ്. ചുരുങ്ങിയത് രണ്ട് റുക്കൂഅ് എങ്കിലും തിലാവത്ത് ചെയ്യുക. വിശുദ്ധ ഖുർആൻ ഓതാൻ അറിയാത്തവർക്ക് വേണ്ടി സ്പെഷ്യൽ ക്ലാസിനുള്ള പ്രോഗ്രാം വേണം. അവർക്കു വേണ്ടി നല്ല ശബ്ദത്തിൽ ഓതാൻ കഴിവുള്ളവർ രണ്ട് റുക്കൂഅ് തിലാവത്ത് ചെയ്ത് പഠിപ്പിക്കുക.

(അൽഫദ്ൽ ഇന്റർനാഷണൽ 20/05/2005)

**27/06/2005**

**Meeting With National Majlis Amila**

**Majlis Khuddamul Ahmadiyya USA**

ഹുസൂർ, മുഹ്തമിം തർബിയ്യത്തിനോട് പറഞ്ഞു: ഖുദ്ദാമുമായി നിങ്ങൾക്ക് Contacts ഇല്ല. അവരുമായി Contactsന് പ്ലാൻ തയ്യാറാക്കുക.

ഹുസൂർ പറഞ്ഞു: മസ്ജിദിൽ വരാത്തതും Contactsൽ ഇല്ലാത്തതുമായ ഖുദ്ദാമിന്റെ ഡാറ്റ ശേഖരിക്കുക. ഇങ്ങനെ ഖുദ്ദാമിനെ തങ്ങളുടെ കൂടെ ചേർക്കുക.

ഹുസൂർ പറഞ്ഞു: ഖുദ്ദാമിനെ മസ്ജിദിൽ കൊണ്ടുവരാൻ Attraction ഉണ്ടാക്കുക.

ഹുസൂറിനോട് പറഞ്ഞു: രാജ്യത്ത് 60 ജമാഅത്തുകൾ ഉണ്ട്, കൃത്യമായ ജമാഅത്ത് സെന്ററുകൾ ഉള്ള 40 സ്ഥലത്ത് കളികൾക്കും മറ്റുമുള്ള പ്രോഗ്രാം വെച്ചിട്ടുണ്ട്.

(അൽഫദ്ൽ ഇന്റർനാഷണൽ 12/08/2005)

**05/07/2005**

**Meeting With National Majlis Amila Canada**

ഹുസൂർ തർബിയ്യത്ത് വകുപ്പിനോട് നിർദ്ദേശിച്ചു: എം.ടി.എ സംബന്ധിച്ച് എത്രപേർ കാണുന്നുവെന്നും, എത്രപേർ കാണുന്നില്ലെന്നു മുള്ള കണക്കെടുക്കുക. ചില അപ്പാർട്ട്മെന്റുകളിൽ എം.ടി.എ ഇല്ല. ചിലയിടങ്ങളിൽ ഡിഷ് വെക്കുന്നതിൽ പ്രയാസമുണ്ട്. അവർ എങ്ങനെയാണ് കാണുന്നതെന്നും കാസറ്റും മറ്റും കേൾക്കുന്നുണ്ടോ എന്നും കണക്കെടുക്കുക. ഏതെങ്കിലും പ്രത്യേകം തർബിയ്യത്തീ വിഷയം പ്രിന്റ് എടുത്ത് വീടുകളിലേക്ക് എത്തിക്കുക. കാറുകളിൽ യാത്ര ചെയ്യുന്നവർക്ക് വേണ്ടി ഓഡിയോ കാസ്റ്റുകൾ സംഘടിപ്പിച്ചു കൊടുക്കാവുന്നതാണ്.

ഹുസൂർ പറഞ്ഞു: മസ്ജിദിൽ വരുന്നവർ രണ്ട് തരക്കാരാണ്, ഒന്ന്, സഹകരിക്കുന്നവരാണ്. രണ്ട് (മസ്ജിദിൽ) വരുമെങ്കിലും അവർ സഹകരിക്കുന്നവരല്ല.

മൂന്നാമതൊരു വിഭാഗമുണ്ട് അവർ ഒന്നുകിൽ വരുന്നേയില്ല, അല്ലെങ്കിൽ വളരെ കുറച്ചേ വരുന്നുള്ളൂ. അവർക്ക് സംവിധാനവുമായി ബന്ധവുമില്ല. അവരുടെ തർബിയ്യത്തിന് കൂടുതൽ പ്രോഗ്രാമുകൾ വേണ്ടതാണ്. ഒരേ നിയമം ഇവർക്ക് മേൽ പ്രാവർത്തികമാക്കാൻ കഴിയില്ല. ഓരോരുത്തർക്കും തർബിയ്യത്തിന് വ്യത്യസ്തമായ പ്രോഗ്രാമു കൾ വേണം. തങ്ങളുടെ തർബിയ്യത്ത് പ്രോഗ്രാമുകൾ ഇത്തരത്തിൽ തയ്യാറാക്കുക.

ഹുസൂർ പറഞ്ഞു: ചില പ്രോഗ്രാമുകളിൽ നിങ്ങൾക്ക് പോഷകഘടകങ്ങളുമായി ചേർന്ന് അവരുടെ സഹകരണത്തോടെ നല്ല രീതിയിലാക്കാൻ കഴിയും. അല്ലെങ്കിൽ അവരുടെ പ്രോഗ്രാമുകളുമായി സഹകരിച്ച് നല്ല രീതിയിലാക്കാൻ സാധിക്കും. നിങ്ങൾ പോഷകഘടകങ്ങൾക്ക് പ്രോഗ്രാമുണ്ടാക്കി കൊടുക്കുകയല്ല വേണ്ടത്. മറിച്ച് അവരുടെ പ്രോഗ്രാമുകളിൽ അവരെ സഹായിക്കുക.

ഹുസൂർ നാഷണൽ തർബിയ്യത്ത് സെക്രട്ടറിയോട് ഇസ്‌ലാഹീ കമ്മിറ്റിയുടെ റിപ്പോർട്ടും ആവശ്യപ്പെട്ടു. ഹുസൂർ പറഞ്ഞു: ഇത് വളരെ വലിയ ജോലിയാണ്. പ്രശ്നങ്ങൾ അധികരിക്കുന്നു, അതുകൊണ്ട് ഇക്കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. (അൽഫദ്ൽ ഇന്റർനാഷണൽ 19/08/2005)

**11/09/2005**

**Meeting With National Majlis Amila Denmark**

ഹുസൂർ തർബിയ്യത്ത് സെക്രട്ടറിക്ക് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പറഞ്ഞു: കുടുംബങ്ങളുമായി വ്യക്തിഗതബന്ധം ഉണ്ടാകാത്തിടത്തോളം, അംഗങ്ങളുമായി ബന്ധപ്പെടാത്തിടത്തോളം തർബിയ്യത്തിന്റെ ഫലം ലഭ്യമാകുന്നതല്ല. മസ്ജി

ദിൽ വരുന്നവർ ആദ്യം മുതലേ ജമാഅത്തുമായി ബന്ധമുള്ള വരാണ്. മസ്ജിദിൽ വരാത്തവരെ എങ്ങനെ വരുത്താമെന്നാണ് നോക്കേണ്ടത്. അവർക്കു വേണ്ടി പ്രോഗ്രാം ഉണ്ടാക്കണം. അവരെ തിരിച്ചുകൊണ്ടുവരാൻ (മജ്‌ലിസ്) ആമില കൂടിയിരുന്ന് ചിന്തിക്കുകയും പ്രോഗ്രാമുണ്ടാക്കുകയും അത് പ്രാവർത്തികമാക്കിയതിന്റെ റിപ്പോർട്ട് വരുകയും വേണം.

ഹുസൂർ പറഞ്ഞു: നിങ്ങൾക്കിവിടെ ആളുകൾ കുറവാണ, അതുകൊണ്ട് പിന്മാറുന്നവരെ കാണാൻ കഴിയും. അവരെ കൊണ്ടുവരണം. അവരുടെ സ്വഭാവത്തിനനുസരിച്ച് അവരെ അടുപ്പിക്കാൻ ഉതകുന്ന പ്രോഗ്രാം ഉണ്ടാക്കുക. ദൗർബല്യമുള്ള കുടുംബങ്ങളെ എങ്ങനെ കൂടെകൂട്ടാമെന്നത് സംബന്ധിച്ച് യുവാക്കളും ലജ്നയും തന്താങ്ങളുടെ പ്രോഗ്രാം ഉണ്ടാക്കണം.

ഹുസൂർ പറഞ്ഞു: ഭാരവാഹികൾ സ്വയവും വിലയിരുത്തണം. തങ്ങളുടെ ശരിയാക്കുകയാണെങ്കിൽ വീടുകളിൽ അനുഗ്രഹമുണ്ടാകും. തങ്ങളുടെ വീടുകളെ കുറിച്ചും വിലയിരുത്തേണ്ടതാണ്. ഇവിടെ മസ്ജിദിൽ മജ്‌ലിസിന്റെ പ്രോഗ്രാമിനു പുറമേ യുവാക്കൾക്ക് താൽപര്യജനകമായ പ്രോഗ്രാം ഉണ്ടായിരിക്കണം. ഏതെങ്കിലും വിഷയം വെച്ച് അതേക്കുറിച്ച് അഭിപ്രായപ്രകടനം നടത്തുക. ഇൻഡോർ കളികൾക്കും മറ്റുമുള്ള പ്രോഗ്രാമുകൾ ഉണ്ടായിരിക്കണം.

ഹുസൂർ പറഞ്ഞു: ഉപദേശിക്കാം പക്ഷേ കാഠിന്യമരുത്. സ്വന്തം വീടുകളിൽ നിന്ന് തർബിയ്യത്ത് തുടങ്ങണം. സ്ഥായിയായ രോഗം ഇന്റർനെറ്റിന്റേതാണ്, ടി.വിയിലെ സ്വഭാവ ദൂഷ്യമുണ്ടാക്കുന്ന പരിപാടികളുമുണ്ട്. വീട്ടിൽ മാതാപിതാക്കൾ സമയം കൊടുക്കുന്നില്ലെങ്കിൽ കുട്ടികൾ പുറത്ത് സമാധാനം തേടി പോകുന്നതാണ്, പിന്നെ തെറ്റായ കൂട്ടുകെട്ടുകളിൽ ചെന്ന് പെടുന്നു.

ഹുസൂർ പറഞ്ഞു: ഈ സമൂഹത്തിൽ ജീവിക്കണമെങ്കിൽ കൂടുതൽ ത്യാഗങ്ങൾ ചെയ്യേണ്ടതായി വരും. വീട്ടിൽ നിന്നാ

ണ് തർബിയ്യത്ത് ഉണ്ടാകുക, മാതാപിതാക്കൾ നമസ്കരിക്കുകയും വിശുദ്ധ ഖുർആൻ തിലാവത്ത് ചെയ്യുകയുമാണെങ്കിൽ കുട്ടികളിലും പ്രഭാവമുണ്ടാകുകയും അവരും അങ്ങനെ ചെയ്യുന്നതുമാണ്. (അൽഫദ്ൽ ഇന്റർനാഷണൽ 21/10/2005)

**14/09/2005**

**Meeting With National Majlis Amila**

**Majlis Khuddamul Ahmadiyya Sweden**

ഹുസൂർ മുഹ്തമിം തർബിയ്യത്തിനോട് പറഞ്ഞു: നമസ്കാരത്തിന്റെ ഹാജർ നിലവാരത്തിലേക്ക് ശ്രദ്ധിക്കുക, എത്ര ഖുദ്ദാം നമസ്കരിക്കുന്നവരാണെന്നും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നവരാണെന്നും താങ്കൾ അറിഞ്ഞിരിക്കണം. മസ്ജിദിൽ വരാത്തവരെ സ്നേഹപൂർവം മനസ്സിലാക്കി കൊടുക്കുക. താങ്കളുടെ പക്കൽ മുഴുവൻ ഡാറ്റയും സ്വരൂപിക്കപ്പെടണം. താങ്കളുടെ വാക്ക് കേൾക്കാത്തവരുടെ കൂടെ മറ്റേതെങ്കിലും ആൾക്ക് അവരെ ബന്ധപ്പെടുന്നതിനും മസ്ജിദുമായി ബന്ധിപ്പിക്കുന്നതിനും ഡ്യൂട്ടി നിശ്ചയിക്കുക.

(അൽഫദ്ൽ ഇന്റർനാഷണൽ 28/10/2005)

**07/01/2006**

**Meeting With National Majlis Amila**

**Majlis Khuddamul Ahmadiyya India**

ഹുസൂർ മുഹ്തമിം തർബിയ്യത്തിന് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് പറഞ്ഞു: താങ്കൾ താങ്കളുടെ 800 മജ്ലിസുകളുടെ തർബിയ്യത്ത് ചെയ്യണം. തങ്ങളുടെ പ്രോഗ്രാമുകളുടെയും പ്രവർത്തന രൂപരേഖയുടേയും എത്ര ഖുദ്ദാം നമസ്കരിക്കുന്നുവെന്നും അവലോകനം നടത്തുക. താങ്കളുടെ മജ്ലിസുകളുടെ റിപ്പോർട്ടിൽ തർബിയ്യത്ത് വകുപ്പിനു കീഴിൽ അതി

ന്റെ പരാമർശം ഉണ്ടായിരിക്കണം, അതിന്റെ റിപ്പോർട്ട് വരുകയും വേണം.

ഫജ്ർ ഇശാഅ് നമസ്കാരങ്ങൾക്ക് എത്ര ഖുദ്ദാം വരുന്നുവെന്ന കാര്യത്തിലും മജ്‌ലിസുകളിൽ നിന്ന് റിപ്പോർട്ട് വരുത്തണം. അഞ്ചു നേര നമസ്കാരങ്ങൾ എത്ര പേർ അനുഷ്ഠിക്കുന്നു, മസ്ജിദിൽ വന്ന് എത്ര പേർ അനുഷ്ഠിക്കുന്നു എത്ര പേർ വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നു, എത്ര പേർ വസിയ്യത്ത് പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്നു തുടങ്ങിയ എല്ലാ റിപ്പോർട്ടും തങ്കളുടെ പക്കൽ ഉണ്ടായിരിക്കണം.

(അൽഫദ്ൽ ഇന്റർനാഷണൽ 03/03/2006)

**17/04/2006**

**Meeting With National Majlis Amila Singapur**

സെക്രട്ടറി തർബിയ്യത്തിനോട് പറഞ്ഞു: മസ്ജിദിൽ വരുന്ന സഹോദരങ്ങൾക്ക് വേണ്ടി തർബിയ്യത്ത് പ്രോഗ്രാമുകൾ ഉണ്ടാകാറുണ്ട്. എന്നാൽ മസ്ജിദിൽ വരാത്തവർക്ക് ബന്ധപ്പെടാത്തവർക്ക് തർബിയ്യത്തിനുള്ള എന്ത് പരിപാടിയാണുള്ളത്? ഹുസൂർ പറഞ്ഞു: അവരുടെ തർബിയ്യത്തിനുള്ള പ്രോഗ്രാമുകളും ഉണ്ടാക്കുക. പൂർവികർ അഹ്മദികളായിട്ടുള്ളവരും എന്നാൽ മക്കൾ (ജമാഅത്തുമായി) ബന്ധമില്ലാത്തവരുമുണ്ട്. അവരെ ബന്ധപ്പെടുക, അവരെ മസ്ജിദിൽ കൊണ്ടുവരുക, തുടർന്ന് ഈ ബന്ധം സ്ഥായിയായി നിലനിർത്തുകയും ചെയ്യുക. (അൽഫദ്ൽ ഇന്റർനാഷണൽ 28/04/2006)

**08/04/2006**

**Meeting With National Majlis Amila Indonasia**

ഹുസൂർ, സെക്രട്ടറി തർബിയ്യത്തിനോട് ചോദിച്ചു : നിങ്ങളുടെ വാർഷിക പ്രോഗ്രാം എന്താണ്? തർബിയ്യത്തിന്റെ

കാര്യത്തിൽ വളരെയധികം ശ്രദ്ധിക്കേണ്ടതാണ്.

ഹുസൂർ ചോദിച്ചു: അഹ്മദികൾ നമ്മുടെ മസ്ജിദുകളിൽ നിന്നും സെന്ററുകളിൽ നിന്നും എത്ര ദൂരെയാണ് താമസിക്കുന്നത്?

ഹുസൂറിനോട് പറഞ്ഞു; ഗ്രാമങ്ങളിൽ സെന്ററുകൾക്ക് സമീപത്തു തന്നെയാണ് താമസിക്കുന്നത്. നഗരങ്ങളിൽ ദൂരെയാണ്, പല വിധത്തിലാണ് ദൂരം.

ഹുസൂർ ചോദിച്ചു: ഏത് നമസ്കാരത്തിലാണ് അധികം ഹാജർ നിലയുള്ളത്? എത്ര ശതമാനം ആളുകൾ പങ്കെടുക്കുന്നുണ്ട്.

ഹുസൂർ പറഞ്ഞു: എല്ലാ ജമാഅത്തിലേയും സെക്രട്ടറി തർബിയ്യത്തിനോട് നമസ്കാരങ്ങളുടെ ഹാജർ നില നിങ്ങൾക്ക് അയച്ചു തരാൻ ആവശ്യപ്പെടുക.

(അൽഫദ്ൽ ഇന്റർനാഷണൽ 05/05/2006)

**18/04/2006**

**Meeting With National Majlis Amila**

**Majlis Khuddamul Ahmadiyya Australia**

ഹുസൂർ മുഹ്തമിം തർബിയ്യത്തിനോട് ചോദിച്ചു : മൊത്തം ഖാദിമീംകളിൽ എത്രപേർ അഞ്ചുനേര നമസ്കാരം അനുഷ്ഠിക്കുന്നവരുണ്ട്? എത്രപേർ ജമാഅത്തായി നമസ്കരിക്കുന്നവരുണ്ട്? എല്ലാ മജ്ലിസുകളിലും മസ്ജിദ് കൂടാതെ സെന്ററുകളുമുണ്ടോ?

ഹുസൂർ പറഞ്ഞു: ദൗർബല്യങ്ങളുള്ള നമസ്കാരത്തിന് വരാത്ത ഖാദിംകളെ കൂടെക്കൂട്ടുന്നതിന്നു വേണ്ടി നല്ല ഖാദിംകളെ അവരുമായി കൂട്ടുകൂടിക്കുക. അവരെ നമസ്കാരക്കാരാക്കാൻ പര്യാപ്തരായ ഖാദിംകളായിരിക്കണം. അല്ലാതെ അവരുമായി കൂട്ടുകൂടി നമസ്കാരം ഒഴിവാക്കുന്നവരാകരുത്.

ഹുസൂർ, മുഹ്തമിം തർബിയ്യത്തിനോട് പറഞ്ഞു: എത്ര ഖുദ്ദാം എം. ടി.എ യിൽ ഖുത്ബ കേൾക്കുന്നുണ്ട്?

അവലോകനത്തിനു ശേഷം ഹുസൂർ പറഞ്ഞു: ഖുത്ബ കേൾക്കാത്തവർക്കു വേണ്ടി പ്ലാൻ തയ്യാറാക്കുക.

തുടർന്ന് ഹുസൂർ ചോദിച്ചു: ഖുർആൻപാരായണം ചെയ്യുന്ന ഖാദിംകളുടെ എണ്ണം എത്രയാണ്? ഖുർആൻ പാരായണത്തിൽ റഗുലർ അല്ലാത്തവർ എത്രയുണ്ട്? മാസത്തിൽ 15 ദിവസം ഖുർആൻ പാരായണം ചെയ്യുന്നവർ എത്രയുണ്ട്?

ഹുസൂർ പറഞ്ഞു: 15 ദിവസം പാരായണം ചെയ്യുന്നവർ ഉണ്ടെങ്കിൽ, അവർ മാസത്തിൽ 15 ദിവസം പാരായണം ചെയ്യുന്നവരായതു കൊണ്ട് അവർക്ക് അത് ശീലമായി മാറുന്നതാണ്.

ഹുസൂർ, കേന്ദ്ര മജ്‌ലിസ് ആമിലയിൽ ജമാഅത്തായി നമസ്കരിക്കുന്നവരെക്കുറിച്ചും അവലോകനം നടത്തി. തുടർന്ന് പറഞ്ഞു: ആമില മെമ്പർ ചുരുങ്ങിയത് ഒരു നമസ്കാരമെങ്കിലും ജമാഅത്തായി അനുഷ്ഠിക്കുന്നില്ലെങ്കിൽ മറ്റുള്ളവരോട് എന്താണ് പറയുക?

ഹുസൂർ ആമില മെമ്പർമാരോട് എല്ലാ ദിവസവും ഖുർആൻ പാരായണം ചെയ്യുന്നവരുണ്ടെന്ന് ചോദിച്ചു.

ഹുസൂർ പറഞ്ഞു: എല്ലാ ദിവസവും ഖുർആൻ ഓതുന്ന ശീലമുണ്ടാക്കുക. ദൂരെ മാറിപ്പോകുന്ന ഖുദ്ദാമിനെ അവരുടെ സുഹൃത്തുക്കൾ മുഖേന അടുപ്പിക്കാൻ ശ്രമിക്കുക.

(അൽഫദ്ൽ ഇന്റർനാഷണൽ 26/05/2006)

**18/04/2006**

**Meeting With Majlis Amila Australia**

ഹുസൂർ, സെക്രട്ടറി തർബിയ്യത്തിനോട് ചോദിച്ചു: നിങ്ങളുടെ വാർഷിക തർബിയ്യത്തീ പ്രോഗ്രാം എന്താണ്? വിട്ട് നിൽ

ക്കുന്നവരുടെ തർബിയ്യത്തിന് എന്താണ് ചെയ്യുന്നത്? അവർക്ക് വേണ്ടി എന്ത് പ്രോഗ്രാമാണ് ഉണ്ടാക്കിയിട്ടുള്ളത്? അവരുമായി ബന്ധപ്പെടാൻ എന്തു ചെയ്തു?

ഹുസൂർ പറഞ്ഞു: ഒരു ബന്ധം (Connection) ഭാരവാഹി എന്ന നിലക്കുള്ളതാണ്. മറ്റൊന്ന് സഹോദരൻ, സുഹൃത്ത്, ഗുണകാംക്ഷി എന്ന നിലക്കുള്ളതാണ്. മുറബ്ബി/അമീർ/സെക്രട്ടറി തർബിയ്യത്ത് തന്നെ അവരെ ബന്ധപ്പെടുന്നതിന് പോകണമെന്ന് നിർബന്ധമില്ല. അവരെ തിരിച്ച് കൊണ്ടുവരാൻ ആരെ ഉപയോഗിക്കണമെന്ന് നോക്കുക.

ഹുസൂർ, സെക്രട്ടറി തർബിയ്യത്തിന് നിർദ്ദേശം നൽകിക്കൊണ്ട് പറഞ്ഞു: പർദ സ്ത്രീകൾക്ക് മാത്രമുള്ളതല്ല. പുരുഷന്മാരുടെയും കൂടി ജോലിയാണ്. ഇവിടെ വന്ന് ചില സ്ത്രീകൾ പർദ കുറച്ചിരിക്കുന്നു. അവർ അനുചിതമായ വസ്ത്രങ്ങളിലേക്ക് ഇറങ്ങിയിരിക്കുന്നു. ഇത് പുരുഷന്മാരുടെ കുഴപ്പമാണ്. പുരുഷന്മാർ തുറന്ന സ്വാതന്ത്ര്യം നൽകിയിരിക്കുന്നു. അവർ സ്വയം കോംപ്ലക്സിന് ഇരയായി മാറിയിരിക്കുന്നു.

ഇത്തരം കേസുകളിൽ പുരുഷന്മാർക്ക് മനസ്സിലാക്കി കൊടുക്കേണ്ടത് അനിവാര്യമാണ്. മുലാഖാത്ത് വേളയിൽ ഞാൻ അവലോകനം നടത്തിയപ്പോൾ അധികം പേരും മറുപടി പറഞ്ഞത്, പുരുഷന്മാർക്ക് ഞങ്ങളോടൊപ്പം മാർക്കറ്റിൽ നടക്കാൻ ലജ്ജ അനുഭവപ്പെടുന്നുവെന്നാണ്. പർദയിൽ പുരോഗതിയാണ് ഉണ്ടാകേണ്ടത്, അധോഗതിയല്ല.

നിങ്ങൾ അവരുടെ ഗുണകാംക്ഷിയാണെന്ന് അവർക്ക് ബോധ്യമാകണം. സമൂഹത്തിൽ അധ:പതനം ഉണ്ടാകരുത്, ഒരു നിശ്ചലാവസ്ഥക്കു ശേഷം ഉയർച്ച ഉണ്ടാകണം.

നഗ്നത മറക്കുവാനാണ് മനുഷ്യന് താൽപര്യം. വസ്ത്രം മാന്യമായിരിക്കണം. പാക്കിസ്താനിൽ നിന്ന് വന്നിട്ടുള്ള ബുർഖ ധരിച്ചിരുന്ന സ്ത്രീകൾ, ബുർഖ ഒഴിവാക്കുകയാണെങ്കിൽ അവരോട് ബുർഖ ഉപേക്ഷിക്കരുതെന്ന് മനസ്സിലാക്കി

കൊടുക്കണം. സൗമ്യമായി മനസ്സിലാക്കി കൊടുക്കുകയും നിരീക്ഷിക്കുകയും ചെയ്യുക.

മസ്ജിദിൽ നമസ്കാരത്തിന് വരാത്തവരെ കൊണ്ടു വരേണ്ട തും അനിവാര്യമാണ്. എല്ലാ ആറാമത്തെ ഖുത്ബയും തർബിയ്യത്ത് സംബന്ധമായതായിരിക്കണം. നാലാമത്തെ ഖുത്ബ സാമ്പത്തികത്യാഗത്തെക്കുറിച്ചും ഇബാദത്തിനെ കുറിച്ചുള്ളതുമായിരിക്കണം. (അൽഫദ്ൽ ഇന്റർനാഷണൽ 26/05/2006)

**03/05/2006**

**Meeting With Majlis Amila Fiji**

സെക്രട്ടറി തർബിയ്യത്തിന്റെ പ്രോഗ്രാമുകൾ വിലയിരുത്തിക്കൊണ്ട് ഹുസൂർ പറഞ്ഞു: ജമാഅത്തായ നമസ്കാരത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്. എത്ര പേർ വരുന്നുണ്ടെന്നും അഞ്ചുനമസ്കാരങ്ങളുടേയും ഹാജർ നിലവാരം എത്രയാണെന്നും താങ്കൾ അവലോകനം നടത്തേണ്ടതാണ്. നമസ്കാരത്തിന്റെ ഹാജർ നില ഉയർത്തുക. നമസ്കാരത്തിന് നേരത്തെ വന്നിരുന്നവരും എന്നാൽ ഇപ്പോൾ വരാത്ത വരുമായവരുടെ കാരണം എന്താണെന്ന് മനസ്സിലാക്കുക. എല്ലാ ജമാഅത്തും ഇക്കാര്യത്തിൽ ശ്രദ്ധിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് താങ്കൾ ചെയ്യുന്ന പരിശ്രമങ്ങൾക്ക് ജമാഅത്തുകളിൽ നിന്ന് ഉള്ള ഫലത്തെക്കുറിച്ച് താങ്കൾക്ക് അറിവില്ലെങ്കിൽ ഭാവിപരിപാടികൾ ഉണ്ടാക്കാൻ കഴിയില്ല.

മറ്റൊരു പ്രധാനസംഗതി വിശുദ്ധഖുർആൻ പാരായണമാണ്. എത്ര പേർ എല്ലാ ദിവസവും വിശുദ്ധഖുർആൻ പാരായണം ചെയ്യുന്നുവെന്ന് അവലോകനം നടത്തേണ്ടതാണ്. ഇതും സെക്രട്ടറി തബ്ലീഗിന്റെ കടമയാണ്. വിശുദ്ധഖുർആൻ പാരായണം ചെയ്യുമ്പോൾ എന്തെല്ലാം കാര്യങ്ങൾ ചെയ്യാമെന്നും ഏതെല്ലാം കാര്യങ്ങൾ അനുവദനീയമല്ലെന്നും മനസ്സിലാകുന്നതാണ്.

സീറത്തുന്നബി(സ) ജൽസകളിൽ അന്യരേയും വിളിക്കുക.

ഓരോ ജമാഅത്തിലും എത്രപേർ നമസ്കരിക്കാത്തവർ ഉണ്ട്, വീട്ടിലും നമസ്കരിക്കാത്തവർ എത്ര എന്നതിനെക്കുറിച്ച് അവലോകനം നടത്തേണ്ടതാണ്. പിന്നെ അവരുടെ തർബിയ്യത്തിന് പ്രോഗ്രാം ഉണ്ടാക്കുക. വീട്ടിലും നമസ്കരിക്കാത്തവരെ വീട്ടിലെങ്കിലും നമസ്കരിക്കുന്നവരാക്കുക. ഇത് മുറബ്ബിമാരുടേയും തർബിയ്യത്ത് സെക്രട്ടറിമാരുടേയും ജോലിയാണ്.

ജമാഅത്തിലെ സ്ത്രീകൾക്കും തർബിയ്യത്തിൽ ശ്രദ്ധയില്ല. ചില സ്ത്രീകൾക്ക് നമസ്കാരത്തെക്കുറിച്ച് അറിവില്ല, അവർ എന്താണ് മക്കളെ പഠിപ്പിക്കുക. മാതാവ് മക്കൾക്ക് ശിക്ഷണം നൽകണം. പിതാവ് തന്റെ ജോലിയുമായി ബന്ധപ്പെട്ട് പുറത്തായിരിക്കും.

കേന്ദ്ര ജൽസയിലും തർബിയ്യത്തുമായി ബന്ധപ്പെട്ട പ്രോഗ്രാമുകളും വിഷയങ്ങളും ഉണ്ടാകണം. പുരുഷന്മാർ സ്വയം നമസ്കരിക്കുകയും തങ്ങളുടെ സ്ത്രീകളെയും കുട്ടികളെയും നമസ്കരിപ്പിക്കുകയും ചെയ്യുക. സ്വയം വിശുദ്ധ ഖുർആൻ പാരായണം ചെയ്യുക. വീട്ടിൽ അവരുടെ സ്ത്രീകളും കുട്ടികളും വിശുദ്ധഖുർആൻ പാരായണം ചെയ്യേണ്ടതുമാണ്.

തർബിയ്യത്ത് ഇവിടെ വലിയ പ്രശ്നമാണ്. ഭാര്യാ ഭർത്താക്കന്മാരുടെ ബന്ധം നല്ലതായിരിക്കണം. വിവാഹം നടക്കുന്നു, പിന്നെ വേർപിരിയുകയും ചെയ്യുന്നു. തർബിയ്യത്തിന്റെ ഈ വിഷയങ്ങൾ പരിഹരിക്കേണ്ടതാണ്.

ശിക്ഷ ലഭിക്കുകയും അതേക്കുറിച്ച് വിളംബരമുണ്ടാകുകയും ചെയ്യുമ്പോൾ പിന്നെ അവർക്ക് ലജ്ജ ഉണ്ടാകുന്നു. ഈ എല്ലാ തർബിയ്യത്തിന്റെ വിഷയങ്ങളും അമീർ, മുബല്ലിഗ്, സെക്രട്ടറി തബ്ലീഗ് എന്നിവരുടെ ജോലിയാണ്.

(അൽഫദ്ൽ ഇന്റർനാഷണൽ 16/06/2006)

**07/05/2006**

**Meeting With Majlis Amila Ansarullah New Zealand**

ഹുസൂർ, ഖാഇദ് തർബിയ്യത്തിനോട് ചോദിച്ചു: താങ്കളുടെ സ്കീമും പ്രോഗ്രാമും എന്താണ്?

പിന്നെ ഹുസൂർ പറഞ്ഞു: എത്ര അൻസാർ ജമാഅത്തായി നമസ്കരിക്കുന്നുണ്ടെന്നും എത്രപേർ തിലാവത്ത് ചെയ്യുന്നു ണ്ടെന്നും എത്രപേർ തങ്ങളുടെ മക്കളുടെ ശിക്ഷണത്തിൽ ശ്രദ്ധിക്കുന്നുണ്ടെന്നും കൃത്യമായ റിക്കാർഡ് താങ്കളുടെ പക്കൽ ഉണ്ടായിരിക്കണം.

വീടുകളിൽ ദീനീസംസാരങ്ങൾ ഉണ്ടാകാനും മസീഹ് മൗ ഊദ്(അ)നെ സംബന്ധിച്ച സംസാരങ്ങൾ ഉണ്ടാകാനും മസീ ഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങൾ വായിക്കാനും വീടുകളിൽ ദീനീ അന്തരീക്ഷം ഉണ്ടാകാനും കുട്ടികൾ നമസ്കരിക്കാനും വിശുദ്ധഖുർആൻ പാരായണം ചെയ്യാനും അൻസാറുകളുടെ ശ്രദ്ധ തിരിക്കുക.

അടുത്ത തലമുറയെ സംരക്ഷിക്കണമെങ്കിൽ നിങ്ങൾക്ക് അവരുടെ തഅ്ലീം തർബിയ്യത്തിന് സ്കീം ഉണ്ടാക്കേണ്ട തായി വരും. (അൽഫദ്ൽ ഇന്റർനാഷണൽ 30/06/2006)

**07/05/2006**

**Meeting With Majlis Amila**

**Majlis Khuddaamul Ahmadiyya New Zealand**

ഹുസൂർ, മുഹ്തമിം തർബിയ്യത്തിനോട് അദ്ദേഹത്തിന്റെ വകുപ്പിനു കീഴിൽ നടക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അ ന്വേഷിക്കുകയുണ്ടായി. ഹുസൂർ പറഞ്ഞു: എത്ര ഖുദ്ദാം അഞ്ചു നമസ്കാരങ്ങളും അനുഷ്ഠിക്കുന്നുണ്ടെന്നും എത്ര ഖുദ്ദാം ജമാഅത്തായി നമസ്കരിക്കുന്നുണ്ടെന്നും എത്ര ഖുദ്ദാം വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നുണ്ടെന്നും

എത്ര ഖുദ്ദാം എല്ലാ ദിവസവും വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നുണ്ടെന്നും താങ്കൾക്ക് അറിവുണ്ടായിരിക്കണം.

യഥാർഥ സംഗതി നമസ്കാരവും വിശുദ്ധ ഖുർആൻ പാരായണവുമാണ്. തർബിയ്യത്തിനു വേണ്ടി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽ നിന്ന് വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ഉദ്ധരണികൾ തെരഞ്ഞെടുത്ത് ഖുദ്ദാമിന് കൊടുക്കുക. ഉദാ: മാതാപിതാക്കളോടുള്ള കടമകൾ, അയൽവാസിയോടുള്ള കടമകൾ, ഖിദ്മത്തെ ഖൽഖ്, നമസ്കാരം, വിശുദ്ധഖുർആൻ, സാമ്പത്തിക ത്യാഗം, സത്യം, കോപിക്കാതിരിക്കൽ, വിശ്വസ്തത. ഇത്തരത്തിലുള്ള വിവിധ വിഷയങ്ങൾ തെരഞ്ഞെടുത്ത് ഖുദ്ദാമിന് കൊടുക്കുക. തർബിയ്യത്ത് യോഗങ്ങളിൽ വായിക്കുക. അവരുടെ തഅ്ലീമീ കോഴ്സ് എന്ന നിലക്കും വെക്കുക.

എത്ര ഖുദ്ദാമിന് നമസ്കാരമറിയുമെന്നും തർജമയോടെ അറിയുമെന്നും വിശുദ്ധ ഖുർആൻ അറിയുമെന്നും കണക്കെടുക്കുക. പിന്നെ കണക്ക് തയ്യാറായെങ്കിൽ മാത്രമേ താങ്കൾക്ക് തർബിയ്യത്ത് ചെയ്യാനും നല്ല പ്രോഗ്രാം ഉണ്ടാക്കാനും കഴിയുകയുള്ളൂ.

ചില അഹ്മദീ യുവാക്കൾ അനഹ്മദീ പെൺകുട്ടികളെ വിവാഹം കഴിക്കുന്നു. അതുപോലെ അഹ്മദീ പെൺകുട്ടികളും പുറത്ത് വിവാഹം കഴിക്കുന്നു. രണ്ട് അവസ്ഥയിലും തലമുറ കേടുവരുന്നു. അതുകൊണ്ട്തന്നെ തർബിയ്യത്ത് വകുപ്പ് വളരെയേറെ ഊർജസ്വലമാകേണ്ടിയിരിക്കുന്നു.

എല്ലാ തിരക്കുകൾക്കിടയിലും അഞ്ചുനേര നമസ്കാരം അനുഷ്ഠിക്കുക തന്നെ വേണം. അഞ്ചുനേര നമസ്കാരം അനുഷ്ഠിക്കുന്നവരുടെ തർബിയ്യത്ത് നടക്കുന്നതാണ്. വിശുദ്ധഖുർആൻ തിലാവത്ത് ചെയ്യുന്നവരുടേയും തർബിയ്യത്ത് നടക്കുന്നതാണ്. അതുപോലെ തന്നെ കൃത്യമായി നിങ്ങളുടെ യോഗങ്ങളിൽ വരുകയും മസ്ജിദുമായി ബന്ധ

പ്പെടുകയും ചെയ്യുന്നവരുടെ തർബിയ്യത്തും നടക്കുന്നതാണ്.

വിശുദ്ധ ഖുർആൻ, ഹദീസ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണികൾ എന്നിവയടങ്ങുന്ന ഒന്നുരണ്ട് പേജ് പ്രസിദ്ധീകരിച്ച് ഖുദ്ദാമിന് കൊടുക്കുക. ഇതിൽ വിവിധ തർബിയ്യത്ത് വിഷയങ്ങൾ ഉൾപ്പെടുത്തേണ്ടതാണ്. അതനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഗ്രന്ഥങ്ങളിൽ നിന്ന് ഉദ്ധരണികൾ തെരഞ്ഞെടുക്കുക.

അകന്ന്പോയ ഏതെങ്കിലും ഖാദിം ബന്ധപ്പെടുന്നില്ലെങ്കിൽ അയാ ളുടെ ഏതെങ്കിലും സുഹൃത്ത് മുഖേന അയാളെ അടുപ്പിക്കുക. ഭാരവാഹികൾ തന്നെ പോയി ബന്ധപ്പെടണമെന്നില്ല. വാസ്തവത്തിൽ അയാൾ ജമാഅത്തീ വ്യവസ്ഥയിൽ ഉൾപ്പെടുകയും മസ്ജിദുമായി ബന്ധപ്പെടുകയുമാണ് ആവശ്യം.

ത്യാഗം ചെയ്യാതെ ആരും ലോകത്ത് പുരോഗതി പ്രാപിക്കുന്നതല്ല. നിങ്ങൾക്കും ത്യാഗം ചെയ്യേണ്ടി വരും. പ്രോഗ്രാം ഉണ്ടാക്കി പ്രവർത്തിക്കുക. എന്ത് എങ്ങനെ ചെയ്യാമെന്നതിനെക്കുറിച്ച് ആമില തല പുകഞ്ഞ് ആലോചിക്കുക. തുടർച്ചയായ ബന്ധങ്ങൾ സ്ഥാപിക്കേണ്ട താണ്. ആദ്യത്തെ കാര്യം, ഖുദ്ദാമുമായി ബന്ധം സ്ഥാപിക്കുകയും നമസ്കാര ശീലമുണ്ടാക്കുകയും വിശുദ്ധ ഖുർആൻ തിലാവത്തിനുള്ള ശീലമുണ്ടാക്കുകയുമാണ്. (അൽഫദ്ൽ ഇന്റർനാഷണൽ 30/06/2006)

**07/05/2006**

**Meeting With Majlis Amila New Zealand**

സെക്രട്ടറി തർബിയ്യത്ത് പറഞ്ഞു: മാസത്തിൽ ഒരു തർബിയ്യത്ത് യോഗം നടത്താറുണ്ട്.

ഹുസൂർ ചോദിച്ചു: തർബിയ്യത്ത് യോഗത്തിൽ വരാത്തവർക്ക് വേണ്ടി എന്താണ് ചെയ്തിട്ടുള്ളത്?

സെക്രട്ടറി തർബിയ്യത്ത് പറഞ്ഞു: ഞങ്ങൾ വീടുകൾ സന്ദർശിക്കുന്നു, ഓർമപ്പെടുത്തുന്നു, നമസ്കാരങ്ങൾ നിർവഹിക്കപ്പെടുന്നുണ്ടോ ഹുസൂറിന്റെ ഖുത്ബകൾ കേൾക്കുന്നുണ്ടോ എന്നത് സംബന്ധിച്ച് കണക്കെടുക്കുന്നു. അങ്ങനെ കുറച്ചു പേർ യോഗങ്ങളിൽ വരാൻ തുടങ്ങിയിട്ടുണ്ട്.

ഹുസൂർ പറഞ്ഞു: നമസ്കാരത്തോടൊപ്പം വിശുദ്ധ ഖുർആൻ തിലാവത്തിന്റെയും കണക്കെടുക്കുക.

ഡിഷ് വെച്ചിട്ടുണ്ടെങ്കിലും എത്രപേർ, കുടുംബങ്ങൾ ഖുത്ബ കേൾക്കുന്നുണ്ട് എന്ന കണക്കെടുപ്പും നടത്തുക. എത്ര പേർ ഖുത്ബയും മറ്റ് പ്രോഗ്രാമുകളും കേൾക്കുന്നുണ്ടെന്ന റിപ്പോർട്ടും താങ്കൾക്ക് വരേണ്ടതാണ്.

(അൽഫദ്ൽ ഇന്റർനാഷണൽ 30/06/2006)

**13/05/2006**

## Meeting With Majlis Amila Japan

ഹുസൂർ പറഞ്ഞു : ഒരു (മജ്‌ലിസ് ആമില) മീറ്റിംഗ് തർബിയ്യത്ത് സംബന്ധമായി പ്രത്യേകിച്ചും നമസ്കാരത്തെക്കുറിച്ച് നടത്തേണ്ടതാണ്. അതിൽ നമസ്കാരത്തെക്കുറിച്ച് ജമാഅത്ത് എന്ത് ശ്രദ്ധയാണ് കൊടുത്തതെന്നും എന്ത് പരിശ്രമമാണ് നടത്തിയതെന്നും എന്ത് ഫലമാണ് ഉണ്ടായതെന്നും വിലയിരുത്തേണ്ടതാണ്.

ഹുസൂർ മുബല്ലിഗ്മാർക്ക് നിർദ്ദേശം നൽകിക്കൊണ്ട് പറഞ്ഞു: നിങ്ങളുടെ എല്ലാ നാലാമത്തേയും ഖുത്ബ നമസ്കാരത്തെക്കുറിച്ചായിരിക്കണം. എല്ലാ ആറാമത്തെ ഖുത്ബയും സാമ്പത്തികത്യാഗത്തെക്കുറിച്ചായിരിക്കണം.[1]

1 ഇതു സംബന്ധിച്ച് 2012ൽ ഹുസൂർ തിരുമനസ്സ്, നാസിർ അഅ്‌ലാ ഖാദിയാനു നൽകിയ നിർദ്ദേശത്തിൽ പറയുന്നു: മേലിൽ ജുമുഅ ഖുത്ബയിൽ കാലത്തിന്റെ ഖലീഫയുടെ കഴിഞ്ഞ ആഴ്ചയിലെ ഖുത്ബ

എം.ടി.എയിൽ എത്രപേർ ഖുത്ബ കേൾക്കുന്നുണ്ടെന്ന് വിലയിരുത്തുകയും റിപ്പോർട്ട് എടുക്കുകയും വേണം.

(അൽഫദ്ൽ ഇന്റർനാഷണൽ 30/06/2006)

**07/06/2006**

**Meeting With National Majlis Amila Germany**

ഹുസൂർ തിരുമനസ്സ് ചില വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തിക്കൊണ്ട് വിവിധ തർബിയ്യത്തീ/സംവിധാന സംബന്ധമായ കാര്യങ്ങളെക്കുറിച്ച് വിലപ്പെട്ട ഉപദേശങ്ങൾ നൽകുകയും ന്യൂനതകൾ അകറ്റുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുകയും ചെയ്തു. ഹുസൂർ നൽകിയ ഉപദേശങ്ങളും നിർദ്ദേശങ്ങളും സംക്ഷിപ്തമായി താഴെ ചേർക്കുന്നു.

ഹുസൂർ പറഞ്ഞു: ഭാരവാഹിത്വം, സേവനമാണെന്ന് കരുതി നിർവഹിക്കുക. ഓഫീസർ എന്നതിനു പകരം സേവകനെന്ന മനോഭാവം ഉണ്ടാക്കുക. മീർ ദാവൂദ് അഹ്മദ് സാഹിബിനെ അനുസ്മരിച്ചുകൊണ്ട് ഹുസൂർ പറഞ്ഞു: അദ്ദേഹം ഓഫീസർ ജൽസാ സാലാനാ എന്നതിനു പകരം ഖാദിം ജൽസാ സാലാനാ എന്ന് എഴുതാൻ തുടങ്ങിയിരുന്നു.

ഭാരവാഹികൾക്കെതിരായ പരാതികൾ അവലോകനം ചെയ്യുന്ന രീതി വിവരിച്ചുകൊണ്ട് പറഞ്ഞു: ഇത്തരം പരാതികളിൽ കമ്മിറ്റി ഉണ്ടാക്കുന്നതിനു പകരം കത്ത് മുഖേന സ്വകാര്യമായി ഭാരവാഹികളോട് നിങ്ങൾ ഇതിൽ ഭാഗഭാക്കാണോ എന്ന് അന്വേഷിക്കണം. ഭാരവാഹികൾ തങ്ങളുടെ സ്വയം കണക്കെടുപ്പ് നടത്തണം, അവർ പരാതിയുടെ വൃത്തത്തിൽ വരുന്നുവെങ്കിൽ തങ്ങളുടെ മാറ്റത്തിന് ശ്രമിക്കേണ്ടതാണ്.

---

സംഗ്രഹം വായിച്ചു കേൾപ്പിക്കണമെന്ന് ഇന്ത്യയിലെ ജമാഅത്തുകളിൽ നിയോഗിക്കപ്പെട്ടിരിക്കുന്ന എല്ലാ മുബല്ലിഗ്/മുഅല്ലിംമാർക്കും നിർദ്ദേശം നൽകുക. (Ref: QND-3307/29.08/2012)

അവരുടേയോ മക്കളുടേയോ ചെയ്തി കാരണം ജമാഅത്തിന്റെ അന്തസ്സിന് കോട്ടം തട്ടാൻ ഇടവരരുത്. ശ്രമിച്ചിട്ടും തങ്ങളുടേയും മക്കളുടേയും ഉള്ളിൽ മാറ്റങ്ങൾ ഉണ്ടാക്കാൻ കഴിയുന്നില്ലെങ്കിൽ പിന്നെ തഖ്‌വ ആവശ്യപ്പെടുന്നത്, തങ്ങളെ പ്രസ്തുത സേവനത്തിൽ നിന്ന് സ്വയം മാറ്റുക എന്നതാണ്.

ഹുസൂർ, (Protocol) സ്ഥാനങ്ങളെ പരിഗണിക്കുന്നതിലേക്കും ശ്രദ്ധ ക്ഷണിക്കുകയുണ്ടായി. ഹുസൂർ പറഞ്ഞു: തങ്ങളേക്കാളും വലിയ ഭാരവാഹിയെ ആദരിക്കേണ്ടതും അനുസരിക്കേണ്ടതും അനിവാര്യമാണ്. മുതിർന്ന ഭാരവാഹിയിൽ നിന്ന് വല്ല ജോലിയും നിങ്ങളെ ചുമതലപ്പെടുത്തിയാൽ, നിങ്ങൾക്ക് അതേക്കുറിച്ച് പരാതിയുണ്ടെങ്കിൽ ആദ്യം അനുസരിച്ചു കൊണ്ട് ആ ജോലി ചെയ്യുക, പിന്നെ താങ്കൾ ഇന്ന കാര്യം തെറ്റാണ് ചെയ്തതെന്ന് ഞാൻ കേന്ദ്രത്തിൽ/കാലത്തിന്റെ ഖലീഫക്ക് പരാതി നൽകുമെന്ന് ആ ഭാരവാഹിയോട് പറയുക.

ഭാരവാഹികൾ ഉന്നത മാതൃക സ്ഥാപിക്കണമെന്നും ഹുസൂർ പറ ഞ്ഞു. ചില സമയം ഭാരവാഹികളുടെ കുടുംബ ജീവിതത്തിൽ മാതൃക നല്ലതായിരിക്കില്ല. മരുമകളോടോ മരുമകനോടോ മക്കളോടോ ഭാര്യയോടോ വഴക്കായിരിക്കും, അത്തരം ന്യൂനതകളും അകറ്റേണ്ടതാണ്. അങ്ങനെ ചെയ്യാൻ കഴിയുന്നില്ലെങ്കിൽ തങ്ങളെ സ്വയം ജമാഅത്തീ സേവനത്തിൽ നിന്ന് ഒഴിവാക്കുക.

ഹുസൂർ, നന്മകളിൽ പരസ്പരം സഹകരിക്കാൻ ഉപദേശിച്ചുകൊണ്ട് പറഞ്ഞു: എല്ലാവരുടേയും ഉദ്ദേശ്യം ഒന്നു തന്നെയാണ്. ഒന്നിച്ചുചേർന്ന് പ്രവർത്തിക്കുക. പോഷകസംഘടനകൾ ജമാഅത്തീ സംവിധാനത്തെ ശക്തമാക്കാനുള്ള മാർഗമാണ്.

ഹുസൂർ, ഒരു തർബിയ്യത്തീ കാര്യത്തിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറഞ്ഞു: നിങ്ങളുടെ (പ്രവർത്തക സമിതി) യോഗങ്ങളുടേയും സമിതികളുടേയും കാര്യങ്ങൾ (പരസ്യമാക്കാതെ) സൂക്ഷിക്കുക, ഇത് വളരെ അടിസ്ഥാനപരമായ

സംഗതിയാണ്, സമിതിയിലെ കാര്യങ്ങൾ അമാനത്ത് (സൂക്ഷിപ്പുമുതൽ) ആകുന്നു. അതുകൊണ്ട് അത് പരിഗണിക്കേണ്ടതാണ്. (അൽഫദ്ൽ ഇന്റർനാഷണൽ 07/07/2006)

**09/06/2006**

## ജുമുഅ ഖുത്ബയിൽ ഭാരവാഹികൾക്ക് നൽകിയ നിർദ്ദേശങ്ങൾ

അമീർമാരോടും കേന്ദ്രഭാരവാഹികളോടും ഞാൻ പറയട്ടെ, നിങ്ങൾ ജമാഅത്തിന്റെ സഹകരണത്തിന്റേയും അനുസരണത്തിന്റേയും നിലവാരം ഉയർത്താൻ ആഗ്രഹിക്കുന്നുവെങ്കിൽ ഹൃദയമിടിപ്പനുസരിച്ച് നാഡിമിടിപ്പ് ഉള്ളതുപോലെ കാലത്തിന്റെ ഖലീഫയുടെ തീരുമാനങ്ങളെ അനുസരിക്കുക. ഈ നിലവാരം സ്ഥാപിച്ചാൽ ഒരു സാധാരണ അഹ്മദി എത്ര മാത്രം അനുസരിക്കുമെന്ന് നിങ്ങൾക്ക് കാണാൻ കഴിയും....

എല്ലാ തലത്തിലുള്ള ഭാരവാഹിയും അവർ പ്രാദേശിക ആമിലയിലെ മെമ്പറോ സദ്റോ റീജണൽ അമീറോ കേന്ദ്ര സമിതി അംഗമോ ജമാഅത്ത് അമീറോ ആരാണെങ്കിലും അവർ തങ്ങളുടെ ചിന്തകളെ അതായത് തന്റേയും തന്റെ മാനസികേച്ഛകളേയും അഹംഭാവത്തേയും അറുത്തുമാറ്റണമെന്ന ഹദ്റത്ത് മസീഹ് മൗഊദ്(അ) നിശ്ചയിച്ച തലത്തിലേക്ക് കൊണ്ടുവരേണ്ടതാണ്.....

ഇവിടെ ഞാൻ മുറബ്ബിമാരേയും മുബല്ലിഗുമാരേയും മറ്റൊരു കാര്യത്തിലേക്ക് ശ്രദ്ധക്ഷണിക്കുകയാണ്..... അമീറിലോ ഭാരവാഹിയിലോ ജമാഅത്തീ സമ്പ്രദായങ്ങൾക്ക് എതിരായ വല്ല കാര്യവും കണ്ടാൽ അമീറിനെ/ഭാരവാഹിയെ തനിച്ച് മാറ്റിനിർത്തി ശ്രദ്ധക്ഷണിക്കുക.... പക്ഷേ എന്നിട്ടും ഭാരവാഹി/അമീർ തന്റെ കാര്യത്തിൽ തന്നെ ഉറച്ചു നിൽക്കുകയാണെങ്കിൽ, നിങ്ങൾ ജമാഅത്തീ നന്മക്ക് കോട്ടം തട്ടുന്നു

വെന്ന് കണ്ടാൽ കാലത്തിന്റെ ഖലീഫക്ക് വിവരം നൽകുക. പക്ഷേ അമീറും മുറബ്ബിയും തമ്മിൽ ശരിയായ അണ്ടർ സ്റ്റാന്റിംഗ് ഇല്ലെന്നും പരസ്പരം സഹകരണമില്ലെന്നുമുള്ള ധാരണ ജമാഅത്തിൽ പരക്കാൻ ഒരിക്കലും ഇടവരുത്തരുത്.

മറ്റൊരു കാര്യം, മുറബ്ബിമാർ ശ്രദ്ധിക്കേണ്ടത്, മുറബ്ബിയെ സംബന്ധിച്ച് ജമാഅത്തിലെ ഒരാളുടെ ചിന്തയിലും മുറബ്ബിക്ക്/മുബല്ലിഗിന് ഇന്ന വ്യക്തിയുമായി വളരെ അടുപ്പമാണെന്ന ധാരണ ഉണ്ടാകാൻ ഇടവരരുത്... തന്റെ എല്ലാ നേട്ടങ്ങളെയും മാറ്റി വെച്ചുകൊണ്ട് എല്ലാ ബന്ധങ്ങളെയും പിൻപുറം തള്ളിക്കൊണ്ട് ജമാഅത്തീ നന്മക്കുവേണ്ടി പ്രവർത്തിക്കുകയാണ് മുറബ്ബി/മുബല്ലിഗ് അല്ലെങ്കിൽ കേന്ദ്രഭാരവാഹിയുടെ കടമ. (അൽഫദ്ൽ ഇന്റർനാഷണൽ 30/06/2006)

**09/06/2006**

**Meeting With Majlis Amila Lajna Ima-Illah Germany**

ഹുസൂർ ഒരിക്കൽ കൂടി പർദയുടെ ആവശ്യകതയിൽ ഊന്നൽ നൽകിക്കൊണ്ട് പറഞ്ഞു: അല്ലാഹുവിന്റെ കൽപനയായതുകൊണ്ട് പർദ ചെയ്യണമെന്ന കാര്യം പെൺകുട്ടികളുടെ മസ്തകങ്ങളിൽ ഇട്ടുകൊടുക്കുക. ജമാഅത്തീസമ്പ്രദായങ്ങളിൽ നിലനിൽക്കുകയാണെങ്കിൽ പിന്നെ അപകർഷതാബോധം ഉണ്ടാകുന്നതല്ല, അതിൽ നിന്ന് പിന്നീട് തബ്ലീഗിനുള്ള വഴികൾ തുറക്കുന്നതാണ്. ചില പെൺകുട്ടികൾ പാക്കിസ്താനിൽ നിന്ന് ഇവിടേക്ക് വിവാഹം കഴിച്ചു വന്നിട്ടുണ്ട്. അവിടെ ബുർഖ ധരിച്ചിരുന്നു, ഇവിടെ എത്തിയതും അഴിച്ചിരിക്കുന്നു. ഇത് നിർലജ്ജയാണ്. ഇത് വ്യക്തിപരമായ അപകർഷതാബോധം കൊണ്ടും ഭർത്താവ് പറഞ്ഞതുകൊണ്ടും സംഭവിക്കാം. ജർമൻസ്ത്രീകൾക്ക് അഹ്മദിയായ ശേഷം നല്ല വസ്ത്രത്തിൽ വരാമെങ്കിൽ ഇവർക്ക് പർദ ചെയ്യുന്നതിൽ എന്ത് പ്രശ്നമാണുള്ളത്?

ഇക്കാലത്ത് ടെക്സ്റ്റ് മെസേജിന്റെ സമ്പ്രദായം തുടങ്ങിയിരിക്കുന്നു, ഇതും അറിയുന്നവരുമായിട്ടല്ലാതെ ഉണ്ടാകരുത്, ചിലപ്പോൾ കൂട്ടു കാരികൾ നമ്പർ കൊടുക്കുന്നു, അതുകൊണ്ട് ഇക്കാര്യത്തിലേക്കും പ്രത്യേകം ശ്രദ്ധവേണം.

(അൽഫദ്ൽ ഇന്റർനാഷണൽ 07/07/2006)

**10/06/2006**

**Meeting With National Majlis Amila**

**Majlis Khuddaamul Ahmadiyya/Regional Qaideen/**

**Local Qaideen Germany**

ഹുസൂർ, മുഹതമിം തർബിയ്യത്തിനോട് പറഞ്ഞു: ഖുദ്ദാമിന്റെ വഴക്കുകൾ ഇല്ലാതാക്കാൻ ഉപദേശിച്ചുകൊണ്ടിരിക്കുക. പല ആളുകളും പുറമേക്ക് നല്ലവരായിരിക്കും എന്നാൽ സ്വന്തം വീട്ടിൽ മോശമായ അവസ്ഥ നിലനിർത്തുന്നവരാണ്. ആരുടെ ഇസ്‌ലാഹാണോ ലക്ഷ്യം വെക്കുന്നത് അവരുടെ അടുത്ത സുഹൃത്തിനെ കണ്ടെത്തി അയാൾ മുഖേന ഇസ്‌ലാഹിന് ശ്രമിക്കുക. ഇതിന്റെ ഉദ്ദേശ്യം ആളുകളുടെ നന്മയാണ്, അവരെ സംവിധാനവുമായി കോർത്തിണക്കുകയാണ്.

(അൽഫദ്ൽ ഇന്റർനാഷണൽ 07/07/2006)

**14/06/2006**

**Meeting With National Majlis Amila**

**Majlis Anasarullah Germany**

ഹുസൂർ, തർബിയ്യത്ത്, തഅ്ലീമുൽ ഖുർആൻ വകുപ്പുകളുടെ അവലോകനത്തിനിടയിൽ പറഞ്ഞു: ആദ്യം മസ്ജിദുകളും നമസ്കാരസെന്ററുകളും എത്രയുണ്ടെന്ന് മനസ്സിലാക്കണം. പിന്നെ എത്ര മജ്‌ലിസുകളിൽ ജമാഅത്തായി നമസ്കാരത്തിന് സംവിധാനമുണ്ടെന്ന് നോക്കുക. എല്ലാ സ്ഥലത്തും

ചുരുങ്ങിയത് രണ്ട് നമസ്കാരങ്ങളെങ്കിലും ജമാഅത്തായി അനുഷ്ഠിക്കേണ്ടതാണ്.

ഹുസൂറിനോട് പറഞ്ഞു: മാർച്ചിൽ ഞങ്ങൾ തർബിയ്യത്ത് വാരം നടത്തിയിരുന്നു, നമസ്കരിക്കുന്നവരുടേയും തിലാവത്ത് ചെയ്യുന്നവരുടേയും എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെന്നാണ് ഏപ്രിലിലെ റിപ്പോർട്ടിൽ നിന്ന് മനസ്സിലാകുന്നത്.

ഹുസൂർ പറഞ്ഞു: വീണ്ടും റിപ്പോർട്ട് വരുത്തുക, ഈ മാറ്റം കേവലം തർബിയ്യത്ത് വാരത്തിനിടയിൽ മാത്രമാണോ അതല്ല തുടർന്നും നിലനിൽക്കുന്നുണ്ടോ എന്ന് നോക്കുക.

ഹുസൂർ, മക്കളുടെ തർബിയ്യത്തിലേക്ക് അൻസാറുകളുടെ ശ്രദ്ധ ക്ഷണിച്ചുകൊണ്ട് പറഞ്ഞു: സഫ്ഫെ ദോമിലുള്ള (40മുതൽ 55 വയസുവരെ പ്രായമുള്ളവർ) അധികം അൻസാറുകളുടെ മക്കളും ചെറിയ പ്രായത്തിലുള്ളവരാണ്. നല്ല സ്വഭാവമുള്ളവരായിത്തീരാൻ മക്കൾക്ക് നല്ല ശിക്ഷണം നൽകുക.

അമീർ സാഹിബിന്റെ അപേക്ഷയനുസരിച്ച് ഹുസൂർ, അടുത്ത തലമുറയെ ജമാഅത്ത് സംവിധാനവുമായി അടുപ്പിക്കാൻ ഉപദേശിച്ചു കൊണ്ട് പറഞ്ഞു: കുട്ടികളുടെ തർബിയ്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുക.

(അൽഫദ്ൽ ഇന്റർനാഷണൽ 14/07/2006)

**05/05/2008**

**Meeting With Muballigeen Negeria**

ഇസ്‌ലാഹീ കമ്മിറ്റിയെക്കുറിച്ച് ഹുസൂർ പറഞ്ഞു: പ്രശ്നമുണ്ടായിട്ട് നോക്കുകയല്ല വേണ്ടത്, പ്രശ്നങ്ങൾക്ക് മുമ്പേ തന്നെ അവസ്ഥകളിൽ കണ്ണുണ്ടായിരിക്കണം. ഇന്ന ഭാഗത്തു നിന്ന് പ്രശ്നമുണ്ടാകാൻ സാദ്ധ്യതയുണ്ടെന്ന്

അറിഞ്ഞിരിക്കണം... പ്രശ്നങ്ങൾ പരിധി വിടുന്നതിനു മുമ്പേ അതിന്റെ ഇസ്‌ലാഹിന് ശ്രമിക്കേണ്ടത് അനിവാര്യമാണ്.

വിശ്വാസവഞ്ചന കാണിക്കുന്ന ഭാരവാഹികളെ ഭാരവാഹിത്വത്തിൽ നിന്ന് പുറത്താക്കേണ്ടതാണ്. അവരുടെ ഒരു സേവനവും സ്വീകരിക്കരുത്. മുബല്ലിഗിന്റെ ജോലി അവരെ ഇസ്‌ലാഹ് ചെയ്യുകയാണ്. അവർക്ക് ഇസ്‌ലാമിക അദ്ധ്യാപനം പറഞ്ഞു കൊടുക്കുക, അവർക്ക് ശിക്ഷണം നൽകുക, സംഗതികൾ പരിധി വിടുന്നതിനു മുമ്പേ അതിന്റെ ഇസ്‌ലാഹ് അനിവാര്യമാണ്.

(അൽഫദ്ൽ ഇന്റർനാഷണൽ 11/07/2008)

**23/07/2008**

**Meeting With National Majlis Amila USA**

ഹുസൂർ സെക്രട്ടറി തർബിയ്യത്തിനോട് ചോദിച്ചു: തർബിയ്യത്തിനുള്ള സ്പെഷൽ പ്രോഗ്രാം എന്താണ്?

സെക്രട്ടറി പറഞ്ഞു: തർബിയ്യത്തീ സെമിനാറിന്റെ സീരീസ് ഉണ്ട്.

ഹുസൂർ പറഞ്ഞു: ജമാഅത്തുകളിൽ സെക്രട്ടറി തർബിയ്യത്ത് ആക്റ്റീവ് ആണെങ്കിൽ വളരെ വേഗം ഫീഡ്ബാക്ക് എടുക്കാൻ കഴിയും. നിങ്ങളുടെ തർബിയ്യത്ത് സെക്രട്ടറിമാരെ ആക്റ്റീവ് ആക്കുക.

തർബിയ്യത്ത് സെക്രട്ടറി നാഷണൽ ഇസ്‌ലാഹീ കമ്മിറ്റിയെക്കുറിച്ചും പറയുകയുണ്ടായി.

ഹുസൂർ പറഞ്ഞു: കേന്ദ്രത്തിലും ജമാഅത്തുകളിലും ഇസ്‌ലാഹീ കമ്മിറ്റികൾ ഊർജസ്വലമാണെങ്കിൽ വൈവാഹിക പ്രശ്നങ്ങൾ ഉണ്ടാകുന്നതല്ല. ഇന്ന് അത് ഒരുപാട് കൂടിയിരിക്കുന്നു.

ഹുസൂർ ചോദിച്ചു: ഇസ്‌ലാഹീ കമ്മിറ്റിയിൽ കഴിഞ്ഞ വർ

ഷം വന്ന കേസുകളും ഈ വർഷം വന്ന കേസുകളും വിഷയങ്ങളും നോക്കുമ്പോൾ ഇത് വർദ്ധിക്കുകയാണോ അതോ കുറയുകയാണോ?

ഹുസൂറിന്റെ സവിധത്തിൽ റിപ്പോർട്ട് സമർപ്പിച്ചുകൊണ്ട് പറഞ്ഞു; ഈ വരുന്ന കേസുകൾ മുന്നറിയിപ്പാണ്, ആശങ്കയുമുണ്ട്, എല്ലാ മാസവും വരുന്നുണ്ട്.

ഹുസൂർ പറഞ്ഞു: ചില കേസുകൾ ഉമൂർ ആമയുടേയും മുബല്ലിഗ്മാരുടേയും അറിവിൽ ഉണ്ടായിരിക്കും. അതു സംബന്ധിച്ച് ശരിയായ വിവരങ്ങൾ ശേഖരിക്കുക.

(അൽഫദ്ൽ ഇന്റർനാഷണൽ 15/08/2008)

# ഇസ്‌ലാഹിനും തർബിയ്യത്തിനുമുള്ള നാലിന പരിപാടികൾ

ബഹു.വക്കീൽ സാഹിബ് തഅ്മീൽ വ തൻഫീദ് ലണ്ടൻ ഇന്ത്യയിലെ അഹ്മദികളുടെ ശിക്ഷണവും പരിഷ്കരണവുമായി ബന്ധപ്പെട്ട് സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്‌യുടെ താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ അയച്ചു തന്നിരിക്കുന്നു.

ജമാഅത്തീ തലത്തിൽ എടുക്കുന്ന തീരുമാനങ്ങൾ എത്രയും വേഗം അനുസരിക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന മാതൃക കാണപ്പെടേണ്ടതാണ്. എന്നാൽ കഴിഞ്ഞ 25 കൊല്ലമായി ഖാദിയാനിലെ ആളുകളിൽ ഈ മാതൃക കാണപ്പെടുന്നില്ല. ഈ കാര്യങ്ങൾ പ്രതിഫലിപ്പിക്കുന്നത് നിങ്ങളിൽ ആരും തന്നെ തർബിയ്യത്ത് സംബന്ധമായി തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റിയിട്ടില്ലെന്നാണ്. ഇസ്‌ലാഹ് ഇർശാദോ, സദ്ർ ഉമൂമിയോ, ഖുദ്ദാമുൽ അഹ്മദിയ്യയോ തങ്ങളുടെ ഉത്തരവാദിത്വം നിറവേറ്റുകയോ അവരിൽ അനുസരണത്തിന്റെ വികാരം ഉണ്ടാക്കിയെടുക്കുകയോ ചെയ്തിട്ടില്ല. അല്ലാഹു നിങ്ങളുടെ അവസ്ഥയിൽ കരുണ ചൊരിയട്ടെ, തങ്ങളുടെ ഉത്തരവാദിത്വം ശരിയായി നിർവഹിക്കാനും അവിടെയുള്ള ജമാഅത്ത് അംഗങ്ങൾക്ക് തർബിയ്യത്ത് നൽകാനും തൗഫീഖ് നൽകുമാറാകട്ടെ. (Ref: WTT-7947/17.07.2015)

സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്‌യുടെ താഴെ ചേർക്കുന്ന നിർദ്ദേശങ്ങൾ അയച്ചു തന്നുകൊണ്ട് ബഹു. ബഹു. വക്കീൽ സാഹിബ് തഅ്മീൽ വ തൻഫീദ് ലണ്ടൻ എഴുതുന്നു:

ഹുസൂറിന്റെ മേൽനിർദ്ദേശം കേന്ദ്രഭാരവാഹികളായ നിങ്ങളെ സംബന്ധിച്ചിടത്തോളം ചിന്തനീയമാണ്. ഇപ്പോൾ ഇന്ത്യയിലെ എല്ലാ ജമാഅത്ത് അംഗങ്ങളുടേയും തർബിയ്യത്തിനു വേണ്ടി ഉചിതവും സത്വരവും ആയ പദ്ധതികൾ ഉണ്ടാക്കുന്നില്ലെങ്കിൽ അൻസാറിനോടൊപ്പം ഖുദ്ദാമിന്റേയും അത്ഫാലിന്റേയും തർബിയ്യത്തിൽ ദൗർബല്യങ്ങൾ ഉണ്ടാകുന്നതാണ്. അതിന് മാതാപിതാക്കളോടൊപ്പം ഭാരവാഹികളും ഉത്തരവാദികളായിരിക്കും. ഇതു സംബന്ധിച്ച് ഹുസൂർ തിരുമനസ്സിൽ നിന്നു ലഭിച്ച മാർഗനിർദ്ദേശം താഴെ ചേർക്കുന്നു.

1. എല്ലാ കേന്ദ്ര മസ്ജിദുകളിലും ഹൽഖകളിലെ മസ്ജിദുകളിലും അഞ്ചുനേര നമസ്കാരങ്ങളും നല്ല ഹാജറോടുകൂടി അനുഷ്ഠിക്കുന്നതിലേക്ക് ശ്രദ്ധിക്കുക. ഇക്കാര്യത്തിൽ ഹൽഖകളിലെ ജമാഅത്ത്/പോഷക ഘടകങ്ങളിലെ ഭാരവാഹികൾ ഏതെല്ലാം അംഗങ്ങളാണ് അലസത കാണിക്കുന്നതെന്ന് വിശദമായ വിലയിരുത്തി നോട്ട് ചെയ്യേണ്ടതാണ്. തുടർന്ന് ഇക്കാര്യത്തിൽ ഇവരെ ജമാഅത്ത്/പോഷക ഘടകങ്ങളിലെ ഭാരവാഹികൾ ഉചിതവും കാര്യക്ഷമവുമായ രീതിയിൽ ബോധവൽക്കരിക്കേണ്ടതാണ്. ഭാരവാഹികളുടെ ഭാഗത്ത് നിന്നുള്ള ഈ ബോധവൽക്കരണമാർഗം അംഗങ്ങൾക്ക് തങ്ങളുടെ കുറവ് മനസ്സിലാക്കാനും തങ്ങൾക്കുള്ളിൽ മാറ്റമുണ്ടാക്കാനും ഉതകുന്ന വിധത്തിൽ ഏറ്റവും നല്ലതും കാര്യക്ഷമവുമായിരിക്കണം. അല്ലാതെ ഈ ബോധവൽക്കരണം അംഗങ്ങൾ ഭാരവാഹികളോട് ദുർധാരണ ഉണ്ടാക്കുന്ന രീതിയിൽ ആകരുത്. ആയതിനാൽ ഏറ്റവും ആദ്യം കേന്ദ്രത്തിലേയും ഹൽഖകളിലേയും ഭാരവാഹികളും മക്കളും തങ്ങളുടെ മാതൃക സമർപ്പിക്കേണ്ടതാണ്.

ഭാരവാഹികളും മക്കളും നമസ്കാരത്തിൽ ദൗർബല്യമുള്ളവരും മറ്റ് ജമാഅത്ത് അംഗങ്ങൾ ജമാഅത്തായി നമസ്കരിക്കുന്നതിൽ ശുഷ്കാന്തി ഉള്ളവരായിരിക്കണമെന്ന് ഉപദേശിക്കുന്നതും അഭിലഷണീയമല്ല.

2. എല്ലാ കേന്ദ്ര/ഹൽഖ മസ്ജിദുകളിലും ഫജ്ർ/അസ്ർ നമസ്കാരത്തിനു ശേഷം ഖുർആൻ/ഹദീസ്/മൽഫൂസാത്ത് ദർസ് ന് കൃത്യമായ സംവിധാനം ഉണ്ടായിരിക്കേണ്ടതാണ്. ഈ സന്ദർഭത്തിലും എല്ലാ അംഗങ്ങളും ഭാഗഭാക്കാകാൻ ഹൽഖതലത്തിൽ ജമാഅത്തിന്റേയു പോഷക ഘടകങ്ങളുടെയും ഭാരവാഹികൾ ശ്രദ്ധിക്കേണ്ടതാണ്.

3. കാലത്തിന്റെ ഖലീഫയുടെ ജുമുഅ ഖുത്ബ, ഈദ് ഖുത്ബകൾ, വിവിധ രാജ്യങ്ങളിലെ ജൽസകളിലും പോഷക ഘടകങ്ങളുടെ ഇജ്തിമാഅ് കളിലും നടത്തുന്ന പ്രഭാഷണങ്ങൾ എന്നിവ ജമാഅത്ത് അംഗങ്ങൾക്ക് ഒരുമിച്ച് കാണാനും കേൾക്കാനും ജമാഅത്തീ തലത്തിൽ കാര്യക്ഷമമായ സംവിധാനം ചെയ്യേണ്ടതാണ്. ഇക്കാര്യത്തിലും എല്ലാ കേന്ദ്ര/പ്രാദേശിക/പോഷക ഘടകങ്ങളുടെ ഭാരവാഹികൾ തങ്ങളുടെ മക്കളോടൊപ്പം ഹാജരായി തങ്ങളുടെ മാതൃക കാണിക്കേണ്ടതാണ്. അതിനു ശേഷം ജമാഅത്ത് അംഗങ്ങളേയും ഇക്കാര്യത്തിൽ ഉപദേശിക്കണം.

4. ഇന്ത്യയിലെ അഹ്മദികളുടെ തർബിയ്യത്തിനു വേണ്ടി ബദ്ർ വാരിക ഉർദുവിനു പുറമേ പല പ്രാദേശിക ഭാഷകളിലും ആരംഭിച്ചിരിക്കുന്നു. ഈ എഡിഷനുകൾ അഹ്മദികൾ എത്രമാത്രം പ്രയോജനപ്പെടുത്തുന്നുവെന്ന് അവലോകനം ചെയ്യേണ്ടതാണ്. എല്ലാ വീടുകളിലും ചരിത്രപ്രാധാന്യമുള്ള ഈ പത്രിക തീർച്ചയായും എത്തേണ്ടതാണ്.

മേൽനിർദ്ദേശങ്ങളുടെ പ്രാവർത്തികരൂപം:

- ഖാദിയാനിലേയും ഇന്ത്യയിലേയും എല്ലാ കേന്ദ്ര മസ്ജിദുകളിലും ഏരിയകളിലെ മസ്ജിദുകളിലും നമസ്കാര സെന്ററുകളിലും ഹുസൂറിന്റെ നിർദ്ദേശപ്രകാരം അഞ്ചു നേര നമസ്കാരങ്ങളിലും നല്ല ഹാജർ നില ഉണ്ടാക്കാൻ എല്ലാ കേന്ദ്ര,ജമാഅത്തീ,പോഷകഘടകങ്ങളുടേയും ഭാരവാഹികൾ മുഖേന മേൽ നിർദ്ദേശമനുസരിച്ച് നടപടികൾ

കൈക്കൊള്ളുക. മസ്ജിദുകളിലും നമസ്കാര സെന്ററുകളിലും ഫജ്ർ/അസർ നമസ്കാരത്തിനു ശേഷം ഖുർആൻ/ഹദീസ് ദർസ് നടത്തേണ്ടതാണ്. ഈ സന്ദർഭത്തിലും നല്ല ഹാജർ നില ഉണ്ടാക്കാൻ മേൽ നിർദ്ദേശമനുസരിച്ച് നടപടികൾ കൈക്കൊള്ളുക.

- ഹുസൂർ തിരുമനസ്സിന്റെ ജുമുഅ ഖുത്ബ, ഈദ് ഖുത്ബകൾ, വിവിധ രാജ്യങ്ങളിലെ ജൽസകളിലും പോഷക ഘടകങ്ങളുടെ ഇജ്തിമാഅ്കളിലും നടത്തുന്ന പ്രഭാഷണങ്ങൾ എന്നിവ എല്ലാ മസ്ജിദുകളിലും നമസ്കാര സെന്ററുകളിലും ഭാരവാഹികളും അംഗങ്ങളും ഒരുമിച്ചിരുന്ന് കേൾക്കുന്നതിന്ന് എം.ടി.എ സംവിധാനം ചെയ്യുക. മേൽ പറഞ്ഞ അവസരങ്ങളിൽ ഖാദിയാനിൽ പ്രത്യേകമായും കേന്ദ്ര,ജമാഅത്തീ,പോഷക ഘടകങ്ങളുടേയും ഭാരവാഹികൾ തങ്ങളുടെ മക്കളോടൊപ്പം എത്തേണ്ടതാണ്. പങ്കെടുക്കാത്തവരെ സംബന്ധിച്ച് സ്വകാര്യമായി റിക്കാർഡ് തയ്യാറാക്കി പിന്നീട് അവരെ ബോധവൽക്കരിക്കാനും അവരുടെ ഇസ്‌ലാഹിനും പ്രാദേശിക ഭാരവാഹികളും ഇസ്‌ലാഹീ കമ്മിറ്റികളും ഒരുമിച്ച് പദ്ധതികൾ ആവിഷ്കരിക്കേണ്ടതാണ്.
- ബദ്ർ ആഴ്ചപതിപ്പിന്റെ വിവിധ ഭാഷാ പതിപ്പുകൾ ഇന്ത്യയിലെ എല്ലാ അഹ്മദീ ഭവനങ്ങളിലും എത്തിക്കാൻ ശ്രമിക്കുക. ഇനിയും മറ്റേതെങ്കിലും ഭാഷയിൽ എഡിഷൻ ആരംഭിക്കേണ്ടത് അനിവാര്യമാണെങ്കിൽ തൽസംബന്ധമായി നടപ്പുരീതിയനുസരിച്ച് നടപടികൾ കൈക്കൊള്ളുക.
- മേൽ നിർദ്ദേശങ്ങളെല്ലാം ഖാദിയാനിലും ഇന്ത്യയിലെ മറ്റ് ജമാഅത്തുകളിലും സർക്കുലർ ചെയ്യുക, അതിൽ ഈ എല്ലാ നിർദ്ദേശങ്ങളും സത്വരമായി പ്രാവർത്തികമാക്കാൻ ഹൽഖ തലത്തിലേക്ക് ജമാഅത്ത്/പോഷകഘടകങ്ങൾ

എന്നിവയുടെ ഭാഗത്തുനിന്ന് സർക്കുലർ അയക്കുക. ഈ നിർദ്ദേശങ്ങളുടെ മാസാന്തര പ്രവർത്തന റിപ്പോർട്ടിനു വേണ്ടി ഹൽഖ/മജ്‌ലിസ്/ജമാഅത്ത് തലത്തിലെ റിപ്പോർട്ട് ഫോറത്തിൽ ഒരു കോളം വർദ്ധിപ്പിക്കുക. ബന്ധപ്പെട്ട എല്ലാ ഭാരവാഹികളും എല്ലാ മാസവും ഇതു സംബന്ധമായി തങ്ങളുടെ മാസാന്തര റിപ്പോർട്ട് വിശദമായി ചേർക്കേണ്ടതാണ്.

മേൽ കാര്യങ്ങളെക്കുറിച്ച് ഹൽഖയിലെ ഭാരവാഹികൾ നടപടികൾ സ്വീകരിക്കണമെന്നതിന്റെ വിവക്ഷ ഹൽഖക്കു മേലുള്ള ജമാഅത്തീ/പോഷക ഘടക ഭാരവാഹികൾക്ക് ഇത് സംബന്ധിച്ച് ഉത്തരവാദിത്തം ഇല്ലെന്നല്ല. അവസാന ഉത്തരവാദി ഹൽഖക്കു മേലുള്ള ഭാരവാഹികൾ തന്നെയാണ്. ആയതിനാൽ എല്ലാവരും തന്താങ്ങളുടെ ഉത്തരവാദിത്വങ്ങൾ നിറവേറ്റുകയും മേൽനോട്ടം വഹിക്കുകയും ചെയ്യുക. ഇന്ത്യയിലെ ജമാഅത്തുകളിൽ മേൽ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ എല്ലാ സംവിധാനവും നടപടികളും പൂർത്തിയാക്കേണ്ട അടിസ്ഥാനപരമായ ഉത്തരവാദിത്വം സദ്ർ/അമീർ ജമാഅത്തിനും മൂന്ന് പോഷകഘടകങ്ങളുടേയും പ്രാദേശിക ഖാഇദ്/സഈം/സദ്ർ ലജ്ന എന്നിവർക്കായിരിക്കും. ഖാദിയാനിൽ പ്രാദേശിക അമീർ/മൂന്ന് പോഷകഘടകങ്ങളുടേയും കേന്ദ്ര സദർമാർ എന്നിവർ തന്താങ്ങളുടെ വൃത്തത്തിൽ ഉത്തരവാദികളായിരിക്കും. ഏതായിരുന്നാലും താഴെതലം മുതൽ മേൽഘടകം വരെ ജമാഅത്ത്/ പോഷകഘടകങ്ങളുടെ ഭാരവാഹികൾ ദു:ആയോടുകൂടി തങ്ങളുടെയും മക്കളുടെയും മാതൃക കാഴ്ചവെച്ചുകൊണ്ട് ഇക്കാര്യത്തിൽ അനിതരസാധാരണമായ പ്രവർത്തനങ്ങൾ ചെയ്യുമ്പോഴാണ് മേൽ കാര്യങ്ങളിൽ പോസിറ്റീവ് റിസൽട്ട് ലഭിച്ചു തുടങ്ങുക. അല്ലാഹു നിങ്ങൾക്കെല്ലാവർക്കും തൗഫീഖ് നൽകുമാറാകട്ടെ. ആമീൻ. (Ref: WTT-8420/12.08.2015)

- മേൽകാര്യങ്ങളെക്കുറിച്ച് കേന്ദ്രകമ്മിറ്റിയിൽ കൂടിയാലോചിച്ച ശേഷം ഓരോ നിർദ്ദേശവും പ്രാവർത്തികമാക്കാനുള്ള രൂപരേഖ സഹിതം എല്ലാ ജില്ലാ/പ്രാദേശിക അമീർമാർ, സദ്ർമാർ, മുബല്ലിഗ്മാർ എന്നിവർക്ക് 2015 ആഗസ്റ്റിൽ സർക്കുലർ അയച്ചിരുന്നു.

ഈ കൂടിയാലോചനയും രൂപരേഖയും ഹുസൂർ തിരുമനസ്സിന് സമർപ്പിക്കുകയുണ്ടായി. ഹുസൂർ പറഞ്ഞു: ശരി, അയച്ചുതന്ന നിർദ്ദേശങ്ങൾ എത്രയും വേഗം പ്രവർത്തിപഥത്തിൽ കൊണ്ടുവരുക. അല്ലാഹു നിങ്ങൾക്കെല്ലാ ഭാരവാഹികൾക്കും തന്താങ്ങളുടെ ഉത്തരവാദിത്വം നല്ല നിലയിൽ ചെയ്യുന്നതിന് തൗഫീഖ് നൽകുമാറാകട്ടെ. ഓരോ ചുവടിലും അവന്റെ സഹായമുണ്ടാകുമാറാകട്ടെ. ആമീൻ. (Ref: WTT-8587/18.08.2015)

- മേൽനിർദ്ദേശങ്ങൾ പ്രാവർത്തികമാക്കി നല്ല റിസൽട്ടുകൾ ലഭ്യമാക്കുന്നതിന്നായി നസാറത്ത് ഉൽയ മാസാന്തര റിപ്പോർട്ട് ഫോറത്തിൽ ഒരു കോളം അധികമായി ചേർത്തിട്ടുണ്ട്. (അതിന്റെ മാതൃക ഈ ലഘുലേഖയുടെ അവസാനത്തിൽ ചേർത്തിട്ടുണ്ട്.)

ഇന്ത്യയിലെ വർദ്ധിച്ചുവരുന്ന തർബിയ്യത്തീ പ്രശ്നങ്ങൾ യഥാസമയം പരിഹരിക്കുന്നതിന്നു വേണ്ടി ഹുസൂർ തിരുമനസ്സ് ഖാദിയാനിൽ ഒരു കേന്ദ്ര ഇസ്‌ലാഹീ കമ്മിറ്റിക്ക് രൂപം നൽകിയിരിക്കുന്നു. അതിന്റെ സദ്ർ ആയി നാസിർ അഅ്‌ലയേയും സെക്രട്ടറിയായി ജ.നാസിർ സാഹിബ് ഇസ്‌ലാഹ് വ ഇർശാദ് മർക്കസിയ്യയേയും നിയമിച്ചിരിക്കുന്നു. ഇന്ത്യയിലെ എല്ലാ ജമാഅത്തുകളിലും താഴെചേർക്കുന്ന രീതിയിൽ ഇസ്‌ലാഹീ കമ്മിറ്റികൾ രൂപവൽക്കരിക്കാൻ നിർദ്ദേശിച്ചിരിക്കുന്നു.

| ക്രമ നമ്പർ | സ്ഥാനം | ഹൽഖ | പ്രാദേശികം | ജില്ല |
|---|---|---|---|---|
| 1 | **സദ്ർ ഇസ്ലാഹീ കമ്മിറ്റി** | സദ്ർ ഹൽഖ | അമീർ/സദ്ർ | അമീർ ജില്ല |
| 2 | **സെക്രട്ടറി ഇസ്ലാഹീ കമ്മിറ്റി** | ഹൽഖ സെക്രട്ടറി ഇസ്ലാഹോ ഇർശാദ് | പ്രാദേശിക സെക്രട്ടറി ഇസ്ലാഹോ ഇർശാദ് | സെക്രട്ടറി ഇസ്ലാഹോ ഇർശാദ് ജില്ല |
| 3 | **അംഗം** | ഹൽഖ സെക്രട്ടറി ഉമൂർ ആമ | പ്രാദേശിക സെക്രട്ടറി ഉമൂർ ആമ | സെക്രട്ടറി ഉമൂർ ആമ ജില്ല |
| 4 | **അംഗം** | സഈം ഹൽഖ മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ | പ്രാദേശിക ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ | ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യ ജില്ല |
| 5 | **അംഗം** | സഈം ഹൽഖ മജ്‌ലിസ് അൻസാറുല്ലാഹ് | പ്രാദേശിക സഈം മജ്‌ലിസ് അൻസാറുല്ലാഹ് | നാസിം മജ്‌ലിസ് അൻസാറുല്ലാഹ് ജില്ല |
| 6 | **അംഗം** | സദ്ർ ലജ്ന ഹൽഖ | പ്രാദേശിക സദ്ർ ലജ്ന | സദ്ർ ലജ്ന ജില്ല |
| 7 | **അംഗം** | ഹൽഖ മുബല്ലിഗ്/ മുഅല്ലിം | പ്രാദേശിക മുബല്ലിഗ്/മുഅല്ലിം | ജില്ലാ ഇൻചാർജ് മുബല്ലിഗ്/ മുഅല്ലിം |

(Ref: WTT-226/11.11.2015)

- ഇസ്ലാഹി കമ്മിറ്റി എല്ലാമാസവും കൃത്യമായി കൂടുന്നതിന്നും റിപ്പോർട്ട് നൽകുന്നതിന്നും ഹുസൂർ തിരുമനസ്സിന്റെ നിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ കേന്ദ്ര ഇസ്ലാഹീ

കമ്മിറ്റി, ഒരു റിപ്പോർട്ട് ഫോറം തയ്യാറാക്കി ഹുസൂറിൽ നിന്ന് അംഗീകാരം വാങ്ങിയിരിക്കുന്നു. (അതിന്റെ മാതൃക ഈ ലഘുലേഖയുടെ അവസാനത്തിൽ ചേർത്തിട്ടുണ്ട്.) ഇനി പ്രാവർത്തികമാകുകയാണ് വേണ്ടത്. അല്ലാഹു എല്ലാ ഭാരവാഹികൾക്കും അതിനുള്ള തൗഫീഖ് നൽകുമാറാകട്ടെ.

മാതൃക

# Islahi Committee Report Form (Malayalam)

ജമാഅത്തിന്റെ പേര്: അംഗങ്ങളുടെ എണ്ണം:

റിപ്പോർട്ട് കാലം : 20…

കുറിപ്പ് : ഇസ്‌ലാഹീ കമ്മിറ്റിയിൽ, സെക്രട്ടറി ഉമൂർ ആമ, സെക്രട്ടറി ഇസ്‌ലാ ഹ് വ ഇർശാദ്, ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്‌മദിയ്യാ, സഈം മജ്‌ലിസ് അൻസാറുല്ലാഹ്, സദ്ർ ലജ്ന ഇമാഇല്ലാഹ് എന്നിവരുടെ ഭാഗത്തു നിന്ന് താഴെചേർക്കുന്ന കാര്യങ്ങൾ സ്ംബന്ധിച്ച് ഇന്ന് ഖാദിം, തിഫിൽ, അൻസാർ മെമ്പറിൽ ഇന്ന ന്യൂനത ഉണ്ടെന്ന റിപ്പോർട്ട് സമർപ്പിക്കുക

| | | |
|---|---|---|
| നമസ്കാരം | നമസ്കരിക്കാത്തവരുടെ എണ്ണം …………<br>നമസ്കരിക്കാത്ത എത്രപേരെ ബന്ധപ്പെട്ടു? ………………………<br>ജുമുഅയിൽ പങ്കെടുക്കാത്തവരുടെ എണ്ണം …………<br>ജുമുഅയിൽ പങ്കെടുക്കാത്ത എത്ര പേരെ ബന്ധപ്പെട്ടു?…………………<br>ഇക്കാര്യത്തിൽ എടുത്ത നടപടികളുടെ ഫലം………………… | |
| ലൈവ് ഖുത്ബയും പരിപാടികളും | മസ്ജിദിൽ വന്ന് (ലൈവ്)ഖുത്ബ കേൾക്കാത്തവരുടെ എണ്ണം…………..<br>എത്ര അംഗങ്ങളെ ബന്ധപ്പെട്ടു?……………<br>യോഗങ്ങളിൽ പങ്കെടുക്കാത്തവരുടെ എണ്ണം ……………………………………<br>ഇക്കാര്യത്തിൽ എടുത്ത നടപടികളുടെ ഫലം …………………………… | |
| വഴക്കുകൾ | വഴക്കുകളുടെ എണ്ണം …………<br>ഭാര്യാഭർത്താക്കന്മാരുടെ വഴക്കുകൾ ………………………………<br>സ്വത്ത് തർക്കങ്ങൾ ………………….<br>എത്ര അഹ്‌മദികൾ കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്?…………………….<br>ഇക്കാര്യത്തിൽ എടുത്ത ഇസ്‌ലാഹീ നടപടികളുടെ ഫലം ……………………….<br>പരസ്പര വഴക്കുകൾ ……………………..<br>പരസ്പരം കൊടുത്ത കേസുകളുടെ എണ്ണം …………………… | |

| | | |
|---|---|---|
| വൈവാഹികം | എത്ര പേർ ജമാഅത്തിന് പുറത്ത് വിവാഹം കഴിച്ചിട്ടുണ്ട്? ............... <br> എത്ര പേർ ഇത്തരം ചിന്താഗതിയുള്ളവരുണ്ട്? ......... <br> (അത്തരം ആളുകളുടെ ലിസ്റ്റും അയക്കുക) <br> അവരെ ഉപദേശിക്കാൻ എടുത്ത നടപടികളുടെ ഫലം ........................ | |
| മറ്റ് കാര്യങ്ങൾ | ഭാരവാഹികളും മുബല്ലിഗ്/മുഅല്ലിമുമായുള്ള ബന്ധം എങ്ങനെയാണ് ?........................ <br> ഭാരവാഹികളുടെ പരസ്പര ബന്ധം എങ്ങനെയാണ്?.......................... <br> പർദ ചെയ്യാത്ത ലജ്നകളുടെ എണ്ണം ?........ <br> ഇന്റർനെറ്റ് ?......... <br> ദുഷിച്ച സഹവാസമുള്ളവരുടെ എണ്ണം <br> ലഹരി ഉപയോഗിക്കുന്നവരുടെ എണ്ണം ?....... <br> ഇക്കാര്യത്തിൽ എടുത്ത ഇസ്ലാഹീ നടപടികളുടെ ഫലം ................................. | |

ഓഫീസ് ഉപയോഗത്തിന് :

സദ്ർ ഇസ്ലാഹീ കമ്മിറ്റിയുടെ പേര് :
ഒപ്പും സീലും തിയ്യതി സഹിതം

Mob No :

E – mail Address:

Postel Address :

PinCode:

**മാതൃക**

## (സദ്ർ/അമീർമാരുടെ മാസാന്തര റിപ്പോർട്ട് ഫോറം, പേജ് :4)

- ഹുസൂർ തിരുമനസ്സിന്റെ നാലിന നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച റിപ്പോർട്ടിനുള്ള പ്രത്യേക കോളം

| S.No | Enqiury | Report | Remarks |
|---|---|---|---|
| 1 | ജമാഅത്തീ ഭാരവാഹികളുടേയും നമസ്കാരം നിർബന്ധമാക്കപ്പെട്ട അവരുടെ മക്കളുടേയും ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ? | | |
| 2 | അതനുസരിച്ച് ജമാഅത്തായ നമസ്കാരത്തിലും ഖുർആൻ/ഹദീസ്/മൽഫൂസാത്ത് ദർസിലും അവർ ഭാഗഭാക്കാകുന്നത് സംബന്ധിച്ച് മേൽനോട്ടം നടത്തുന്നുണ്ടോ? | | |
| i | മേൽകാര്യങ്ങളിൽ എത്ര ജമാഅത്തീഭാരവാഹിക ളും അവരുടെ മക്കളും കൃത്യനിഷ്ഠയുള്ളവരാ ണ്? | | |
| ii | മേൽകാര്യങ്ങളിൽ എത്ര ജമാഅത്തീ ഭാരവാഹികളും അവരുടെ മക്കളും അലസതയുള്ളവരാണ്? | | |
| iii | മറ്റ് അംഗങ്ങളുടെ ഹാജർ നില? | | |
| 3 | ഹുസൂർ തിരുമനസ്സിന്റെ ജുമുഅ ഖുത്ബയും മറ്റ് പ്രഭാഷണങ്ങളും ലൈവ് കേൾക്കാനുള്ള സംവിധാനമുണ്ടോ? | | |
| i | മസ്ജിദ്/നമസ്കാര സെന്ററുകളിൽ മേൽകാര്യങ്ങളിൽ എത്ര ജമാഅത്തീ ഭാരവാഹികളും അവരുടെ മക്കളും ഒരുമിച്ചുകൂടി ഹുസൂർ തിരുമനസ്സിന്റെ ജുമുഅ ഖുത്ബയും മറ്റ് പ്രഭാഷണങ്ങളും ലൈവ് കേൾക്കുന്നുണ്ടോ? | | |
| ii | മറ്റ് അംഗങ്ങളുടെ ഹാജർ നില? | | |
| 4 | എത്ര വീടുകളിൽ ബദ്ർ ആഴ്ചപതിപ്പ് വരുത്തുന്നുണ്ട്? | | |
| i | ബാക്കി വീടുകളിൽ ബദ്ർ വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ | | |